Vol. 22 No. 7.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

വരിസംഖ്യ മുൻക്കൂർ ) July, 1924. (1 ബ്രി. രൂപാ മാത്രം.

# വിഷയവിവരണിക.


പേജ്.

1. കർമ്മലനായികാകീർത്തനം. റവ. ഫാദർ സൈമൺ സി. ഡി 145
2. പ്രസാധകക്കുറിപ്പുകൾ. 145
3. കേരളീയസുറിയാനി ഹയരാർക്കി. 147
നി. വ. ദിവ്യശ്രീ മാർ ഫ്രാൻസീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.
4. മാർ തോമ്മായും മൈലാപ്പൂരും. 148
റവ. ഫാദർ ബർണ്ണാർഡ് സി. ഡി.
5. കേരളീയകർമ്മലീത്താസഭ. 151
ശ്രീമാൻ ഐ. സി. ചാക്കൊ ബി. ഏ. ബി. എസ്സ്സി.
6. എന്റെ രാജ്ഞീദർശനം. (പദ്യം) 153
ശ്രീമാൻ വി. റി. തോമസ്, പാലാ.
7. ഹനാൻവെള്ളം. ദിവ്യശ്രീ ഏണേക്കാട്ട് യൌസേപ്പുകത്തനാർ. 154
8. വിശുദ്ധ കുർബാന എന്നമഹാബലി.
ക. നി. മൂ. സ. ബ. അബ്രഹം പട്ടക്കാരൻ. 156
9. ഗ്രിഗോരിയൻകുർബാന. റവ. ഫാദർ തോമസ് മണ്ണുരഞ്ചേരി. 157
10. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. 159
11. തിരുഹൃദയ പൊതുനിയോഗം. 161
12. വർത്തമാനസംഗ്രഹം 162
13. മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. പഞ്ചാംഗം.



**AN OPPORTUNITY FOR NON CAPITALIST.**

AGENTS WANTED.

Every person longing for unusual Profit must communicate with our firm. We supply below mentioned goods at very cheap rates. Only a trial is needed.

**List of Articles.**

Persian Carpets Kalicha, Numdah Po tin, Furs. skins & other woolen goods *i.e.* Kabul & Kashmir, single and double Shawls, Turbans, Cloak, Blanket-, kurk Burg and Stockings, Wax cloth and Silk embr idary etc Silk Manufactures of Kabul and Russia *i.e* Shahi, Kanavaz, Gulbadan, Daryai, Rava Handkerchieves Lungi Mashadi (*i.e* Silk Turban) Kulah, Caps and other articles embroidere l with go'd thread or silk. Assafolida, Black Commin Seed, Liquor ice, Long rasin, reen rasin, red rasin sour plums sweet plums istac u, almond, walnut, dried appricots, dried mulburry, Chilgojas. appricot stones, almond stones, quence seed, l hingri. Gue di Sugar caudy, chease and bried curd. Fruits *i e* Cool melon Pomegranates, Grape. quence ears and etc. Nice atha fans Basket, Strings and mats etc. Pest Snuff, Tobacco, Kabul antimoney foreye and nut tree chips etc.

NOTE:- When communicating please wr te your addre s very clearly. Goods will be despatched against letter of credit or on receipt of earnest money not below ten percent of the valuation of the goods. In case of fruits total amount should be sent in advance, Please communicaae in English.

**Gopichand Mehra & Son. Export and Import Merchants,**
PESHAWAR CITY. (INDIA.)



നമ്മുടെ പിതാവ് മാർ തോമ്മാ ശ്ലീഹാ.

St. Joseph's Press, Mannanam.

# കർമ്മലകുസുമം.

പുസ്തകം ൨൨. } ൧൯൨൩ ജൂലൈ. { ലക്കം ൧.


## കർമ്മലനായികാ കീർത്തനം.

(രാജകന്യക മട്ട്)

കാർമ്മൽ നായികയേ!
മറിയേ! തുണനീ
കാർമ്മൽ നായികയേ!

ഉലകതിൽ നീ വരുവതിനുമുന്നേ
കാലമൊരായിരമോളം നിന്നെ
നലമൊടു കർമ്മല വണങ്ങിയമ്മേ!
കാർമ്മൽ ..

ഉൽക്കനിവൊടു മകനായ ശെമോൻ—
സ്റ്റോക്കിനു നിജതിരുവുത്തരീയം
തൃക്കരമതിനാൽ കൊടുത്തൊരമ്മേ!
കാർമ്മൽ...

നരകജയത്തിനു കവചമിതു്
ഭൂരക്ഷയേകുന്ന വിരുതുവിതു്
ശരണമിതിനിമേലടിയനമ്മേ
കാർമ്മൽ...

പരിരക്ഷയാണിതു വിപത്തിലിഹ
കാരുണ്യമേറിടുമുടമ്പടിയാം
ശരണമിതിനിമേലടിയനമ്മേ!
കാർമ്മൽ...

എരിയും ശുദ്ധീകരകടലിലെന്നെ
തീരത്തുചേർത്തിടും തോണിതന്നേ
ശരണമിതിനിമേലടിയനമ്മേ!
കാർമ്മൽ...

ഫാദർ, സൈമൺ സി. ഡി.

## പ്രസാധകക്കുറിപ്പുകൾ.

### തിരുനാൾ മംഗളം.

ആദ്യംതന്നെ ഞങ്ങൾ 'കുസുമ'വായനക്കാർക്കെല്ലാവർക്കും കർമ്മലനാഥയുടെയും മാർതോമ്മാശ്ലീഹായുടേയും തിരുനാളുകളുടെ മംഗളം ആശംസിച്ചുകൊള്ളട്ടെ. രണ്ടാമതായി നി. വ. ദിവ്യശ്രീ കുഴ്‌ളാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലേ നാമകാരണന്റെ തിരുനാളും ഇതോടനുബന്ധിച്ചുവരുന്നതിനാൽ തിരുമേനിക്കു "കുസുമം" വിനയാദരപുരസ്സരം മംഗളം അർത്ഥിച്ചുകൊള്ളുന്നു.

### ജാതീയദിനം.

മാർതോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ കേരളീയ ക്രിസ്ത്യാനികളുടെ ഒരു ജാതീയദിനമായി കൊണ്ടാടേണ്ടതിനേപ്പററിയുള്ള ആലോചനകൾ ആരംഭിച്ചിട്ടു ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. മാർതോമ്മാദിനം എന്ന അഭിധാനത്തിൽ ആ തീയതിയിൽ ചില സ്ഥലങ്ങളിലെല്ലാം ഇപ്പോൾ കുറേക്കാലമായിട്ടു ഓരോ തരത്തിലുള്ള ആഘോഷങ്ങൾ നടത്തിവരുന്നതായിട്ടും ഞങ്ങൾ അറിയുന്നു

ണ്ടു്. എന്നാൽ ഭിന്നകക്ഷികളായ ഭാരതീയ ക്രിസ്ത്യാനികളെല്ലാവരുടേയും ഏകോപിച്ചുള്ള ഒരാഘോഷദിനമായി ഇതു കൊണ്ടാടുന്നതിനു കുറേ മുമ്പ് തിരുവനന്തപുരത്തുള്ള ക്രിസ്തീയസമുദായപ്രമാണികൾ ചേൎന്നു ചില ശ്രമങ്ങൾ ചെയ്കയുണ്ടായല്ലൊ. അതിനെപ്പുലത്തിക്കൊണ്ടുപോകുന്നതിനു ഇക്കൊല്ലവും അവർ ഉദ്യമിച്ചുവരുന്നതായി ഇവിടെ കിട്ടിയ ഒരു വിജ്ഞാപനത്തിൽനിന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. മതവിഷയകമല്ലാത്ത ഈ പ്രസ്ഥാനത്തിൽ എല്ലാ ക്രിസ്തീയ വിഭാഗങ്ങളും യോജിച്ചു പ്രവൎത്തിക്കുന്നതിൽ ഞങ്ങൾ യാതൊരു പ്രതിബന്ധവും കാണുന്നില്ല. എങ്കിലും അങ്ങിനെ യോജിക്കുമോ എന്നും യോജിക്കുന്നതിനുള്ള കാലം ഇനിയും ആസന്നമായിട്ടുണ്ടോ എന്നും ഉള്ള കാൎയ്യത്തിൽ ഞങ്ങൾക്കു അതിയായ ആശങ്കയില്ലാതില്ല. ഏതായാലും ഏതൽസംബന്ധമായ ശ്രമം സഫലമായിക്കാണ്മാൻ ഞങ്ങൾ പ്രാൎത്ഥിക്കുകയും അതിലേക്കു ഏവരുടേയും ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

### വിസിററർ അപ്പസ്തോലിക്ക്.

സെർവൈററ്സ് എന്നു പറയപ്പെടുന്ന വ്യാകുലമാതാവിൻെറ സഭാംഗമായ അലേക്സീസ് ഹെൻറി ലെപ്പിസിയർ എന്ന ദേഹത്തെ ഇൻഡ്യയിലേക്കു ഒരു വിസിററർ അപ്പസ്തോലിക്കാ ആയി അയയ്ക്കുന്നതിന് പരിശുദ്ധ സിംഹാസനത്തിൽ നിന്നു തീർച്ചപ്പെടുത്തിയിരിക്കുന്നതായി അറിയുന്നു. മേ 22-ാനു- പരിശുദ്ധ പിതാവു അദ്ദേഹത്തെ താർസൂസിൻെറ മെത്രാപ്പോലീത്താ ആയി നിയമിക്കുകയും, 29-ാനു- വ്യാഴാഴ്ച മഹോന്നത ദിവ്യശ്രീ കാർഡിനൽ വൻറോസം അവർകൾ അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി വാഴിക്കുകയും ചെയ്തിരിക്കുന്നു. മോൺസിഞ്ഞോർ ലെപ്പിസിയർ അവർകൾ 20 വർഷത്തോളം പ്രൊപ്പഗാന്ത കോളജിലെ ഒരു പണ്ഡിതപ്രവരനെന്ന നിലയിലും, സെർവൈററുസഭയുടെ പ്രിയോർ ജനറാൾ എന്ന സ്ഥാനത്തിലും, കൊൺസിസ്റ്റോറിയൽ തിരുസംഘത്തിലെ ആലോചനക്കാരൻെറ ജോലിയിലും, ഇംഗ്ലണ്ടു് സ്കോട്ട്ലണ്ടു ആദിയായ സ്ഥലങ്ങളിൽ വിസിററർ അപ്പസ്തോലിക്കാ ആയിട്ടും, ഇംഗ്ലീഷ്, ഫ്രഞ്ച്, ജൎമ്മൻ മുതലായ ഭാഷകളിൽ സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരനായിട്ടും ഏവൎക്കും സുപരിചിതനാണ്. അദ്ദേഹത്തിനു ഇപ്പോൾ അറുപതു വയസ്സു പ്രായമുണ്ടു്. ഇൻഡ്യയിലേക്കു എന്നത്തേക്കു പുറപ്പെടുമെന്നു അറിയപ്പെട്ടിട്ടില്ല. ഭാരതീയസഭക്കു അദ്ദേഹത്തിൻെറ ആഗമനം ഫലപ്രദായകമായിത്തീരുന്നതിനു നമുക്കു പ്രാൎത്ഥിക്കാം!

### കേരളീയ കത്തോലിക്കു കോൺഗ്രസ്.

നമ്മുടെ മഹാജനസഭ പ്രായോഗികമായ ഒരു ജീവൽ സഭയാക്കിത്തീൎക്കുന്നതിനു അധികൃതന്മാർ ഇനിയെങ്കിലുംവേണ്ടപോലെശ്രമിക്കാത്തപക്ഷം സമുദായത്തിനു അതു ക്ഷന്തവ്യമല്ലാത്ത ഒരു അഭിമാനക്ഷയമായിത്തീരുമെന്നു ഇതിനിടകൊണ്ടു പലൎക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണു്. അതേസംബന്ധിച്ച നിലവിളികൾ പലഭാഗത്തു നിന്നും കേൾക്കുന്നുമുണ്ടു്. എന്നാൽ അതിൽ ചുമതലപ്പെട്ടയാളുകൾ ഉണൎന്നു പരിശ്രമിച്ചല്ലാതെ ആരെല്ലാം നിലവിളിച്ചിലും ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതല്ല. തൃശ്ശൂർ കോൺഗ്രസ്സിൻെറ ചൂടുമാറുന്നതിനുമുമ്പു അതിലേക്കു വേണ്ട നടപടികൾ ആരംഭിക്കാത്തപക്ഷം കീഴാണ്ടുകളിലെ അനഭിലഷണീയമായ അനുഭവം മാത്രമെ ഇനിയും നമുക്കുണ്ടാകയുള്ളെന്നും, അങ്ങിനെ വരികയാണെങ്കിൽ അതില്പരം ആക്ഷേപാർഹമായ ഒരുദാസീനത സമുദായത്തിൽ ഉണ്ടാകാനില്ലെന്നും സെക്രട്ടറി മുതലായ ഭാരവാഹികളെ ഞങ്ങൾ സാദരം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

# കേരളീയസുറിയാനി ഹയരാക്കി.

(നി. വ. ദിവ്യശ്രീ വാഴപ്പിള്ളി മാർ പ്രംസീസ്സാസു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു കേരളീയ കത്തോലിക്ക മഹാസഭയിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്നു്)

ഈ മഹാജനസഭ ഈ കൊല്ലം കൂടുന്നതു കേരളീയ കൃസ്ത്യാനികളുടെ ചരിത്രത്തിൽ വിശ്രുതസീമാചിഹ്നമായി ഗണിക്കപ്പെടാവുന്ന ഒരു വലിയ സംഭവത്തിനടുത്ത കാലമാണ്. ദൈവകൃപയാൽ ആ സംഭവം മതസംബന്ധമായ അഭിവൃദ്ധിയുടെയും പ്രചാരത്തിന്റെയും ഒരു പുതിയ ശാകത്തിലേയ്ക്കു നമ്മെ പ്രവേശിപ്പിക്കുവാൻ നിയുക്തമായും ഇരിക്കുന്നു. പതിനൊന്നാം പീയൂസ് എന്ന വിശുദ്ധ പിതാവിനാൽ ഇയ്യിടെ സ്ഥാപിക്കപ്പെട്ട സിറിയൻ ഹയരാക്കിയാണ് ഞാൻ ഇവിടെ നിർദ്ദേശിക്കുന്നതെന്നു വിശേഷിച്ചു പറയേണ്ടല്ലൊ. സുഭഗമായ ഈ പരമാഗതിക്കു സംഗതിവരുത്തിയ പ്രവൃത്തികളുടെ പൂർവ്വചരിത്രത്തെ അതിന്റെ ഉത്ഭവം മുതല്ക്കു് ഇവിടെ പ്രതിപാദിച്ചേകഴിയൂ എന്നില്ല. സുറിയാനിക്കാരുടെ മെത്രാന്മാരും മെത്രാപ്പോലീത്തമാരുമായി പറമ്പിൽ ചാണ്ടി, കരിയാററിൽ ജോസേഫ് എന്നവരെ 17-ാം 18-ാം ശതാബ്ദങ്ങൾക്കിടയിൽ നിയമിച്ച കാലത്തുതന്നെ ഈ വിഷയത്തിലുള്ള നമ്മുടെ അഭിലാഷങ്ങൾ പ്രായേണ സാധിക്കപ്പെടുകയുണ്ടായി. എങ്കിലും അക്കാലത്തെ മലങ്കരസഭയുടെ സ്ഥിതിവിശേഷം ഹേതുവാൽ ഈ സ്ഥാപനം സ്ഥിരീകരിക്കപ്പെടുവാൻ ഇടയായില്ല. അതു കൊണ്ടു നമ്മുടെ പൂർവ്വന്മാർ അനേകതലമുറകളായി ആഗ്രഹിച്ചുവെങ്കിലും അനുഭവിക്കുവാൻ അവൎക്കു കഴിയാതെ പോയ ഒരു കാൎയ്യമാണ് നാം ഇന്നു കാണുന്നത്. സഭാഭരണസംബന്ധമായ ഈ വ്യവസ്ഥാപനത്തോടുകൂടെ തദനുരൂപമായ നമ്മുടെ ഒരു മുറയും അനുബന്ധിച്ചിട്ടുണ്ട്. അതായത്, നാം അതിനു യോഗ്യതയുള്ളവരാണെന്നു തെളിയിക്കയും നമ്മുടെ സ്നേഹഭാജനമായ ഈ രാജ്യത്തു സത്യവിശ്വാസത്തെ അധികമധികമായിപ്പരത്തുകയും വികസിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തിയിൽ വൈദികരും ലൌകികരും ഹാർദ്ദസഹകാരിതയോടുകൂടി സൎവ്വാത്മനാ യത്നിക്കുകയും ചെയ്യുയെന്നുള്ളതുതന്നെ.

നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുന്നപോലെ സുറിയാനിക്കാരായ കത്തോലിക്കൎക്കു സഭാഭരണം പൂൎണ്ണമായവിധത്തിൽ ദാനം ചെയ്തിട്ടുള്ളത് ആ ഗണത്തിൽ ഒററയായി തിരിഞ്ഞു നില്ക്കുന്ന ഒരു സംഭവമല്ല. പിന്നെയൊ അത് അപ്പസ്തോലന്മാരുടെ കാലം മുതൽക്കുതന്നെ സഭയിൽ നടപ്പുള്ള സാധാരണസമ്പ്രദായത്തിന്റെ വാസ്തവികമായ ഒരു ഉദാഹരണം മാത്രമാകുന്നു. അപ്പസ്തോലന്മാരും അവരുടെ അനുഗാമികളും പുതിയ ജാതികൾക്കു സുവിശേഷം പ്രസംഗിക്കുകയും തന്മൂലം സത്യവിശ്വാസികളുടെ സംഖ്യ ആവശ്യമുള്ളേടത്തോളം വൎദ്ധിക്കുകയും ചെയ്ത അവസരങ്ങളിൽ അവരുടെ ഇടയിൽ നിന്നു തന്നെ ചിലരെ തിരഞ്ഞെടുത്ത് അവൎക്കു പട്ടം കൊടുക്കയും മെത്രാന്മാരെ നിയമിക്കയും തങ്ങൾ ആരംഭിച്ച വേലയെ പിന്തുടൎന്നു സംപൂൎണ്ണമാക്കയും ചെയ്തുകൊള്ളണമെന്നു സ്വദേശജാതന്മാരായ ആ വൈദികരെത്തന്നെ ഭരമേല്പിക്കയും ചെയ്കയുണ്ടായിട്ടുണ്ടു്. എല്ലാക്കാലങ്ങളിലും ഇതു് അപ്പസ്തോലികയത്നങ്ങളുടെ സാരഭൂതമായ ഒരു നിയമമായിരുന്നു. ഒടുവിൽ പരിശുദ്ധസിംഹാസനം, 15-ാം ബനഡിക്ററും 11-ാം പീയൂസും എന്ന പാപ്പാമാരുടെ സൎവ്വസാമാന്യലേഖനങ്ങൾ വഴിയായി വിശേഷിച്ചും, മതസംബന്ധമായ ഏകീകരണത്തിന്റെ ഈ പ്രാചീനനയത്തെ ദൃഢീകരിച്ചു പ്രസ്താവി

ളുകയും മിസ്സങ്ങളിൽ വേലചെയ്യുന്ന വൈദികസംഘങ്ങളോടു പ്രസ്തുത മിസ്സങ്ങളുടെ ഭരണത്തിൽ കൂടുതൽ ഉത്തരവാദിത്വമുള്ള ഒരംശം സ്വദേശിയ വൈദികൎക്കു കൊടുക്കുവാൻ ഒരുങ്ങിക്കൊള്ളണമെന്നു വിജ്ഞാപനം ചെയ്കയും ചെയ്തു. ഇതിന്റെ ഫലമായി തെക്കേഇൻഡ്യയിൽ തൂത്തുക്കുടി, മംഗലപുരം ഇങ്ങനെ പുതിയ രണ്ടു സ്വദേശിയ വൈദികാദ്ധ്യക്ഷതകൾഉണ്ടാക്കിയിരിക്കുന്നു. അടുത്ത ഭാവിയിൽ വേറേയും ഉണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. ദേശകാലാവസ്ഥകൾകൊണ്ടുപ്രൌഢദശപ്രാപിച്ചതായി തോന്നിയാൽ, സ്വദേശീയമെത്രാന്മാരെയും മതാദ്ധ്യക്ഷന്മാരെയും കൊടുക്കുവാൻ പരിശുദ്ധ സിംഹാസനം എല്ലായ്പോഴും ഒരുങ്ങിയിരിക്കുമെങ്കിലും ഈ വക എല്ലാ സംഗതികളിലും നാം അവിടത്തെ വിധിയെ പുത്രാനുരൂപമായ ക്ഷമയോടുകൂടെ പ്രതീക്ഷിച്ചിരിക്കേണ്ടതാകുന്നു എന്നത്രെ പരിശുദ്ധപിതാവിന്റെ അഗ്രഹവും കല്പനയും. അതിനു തക്കതായകാലം ആസന്നമാവുമ്പോൾ ഇൻഡ്യയിലെ പ്രേഷകസംഘങ്ങൾ തങ്ങളുടെവേല ഇന്ത്യാദേശിയരായ അവരുടെ സഹോദരന്മാരെ ഏല്പിച്ചു ക്രിസ്തുവിനും തിരുസഭയ്ക്കും വേണ്ടി പുതിയ പ്രദേശങ്ങളിൽ അഭിനവവിജയങ്ങൾ തേടിപ്പോകുന്നതിന് അവർ സസന്തോഷം സന്നദ്ധരാവുന്നതാണ്. അതുവരെ നമുക്കുവേണ്ടി നാം തന്നെ ചെയ്യേണ്ടുന്ന വളരെ കാൎയ്യങ്ങൾ ഉണ്ട്. ഇതിനായി, യൂറോപ്യൻമിഷ്യനറിമാരാൽനമുക്കുചെയ്യപ്പെടാൻ കഴിയുന്ന സാന്മാൎഗ്ഗികമായും ദൃഷ്ടാന്തരൂപമായും വിദ്യാഭ്യാസവിഷയകമായും ഭൌതികമായുമുള്ളസകല സഹായങ്ങളെയും നാം അത്യാശയോടും കൃതജ്ഞതയോടും സ്വീകരിക്കേണ്ടതാകുന്നു.

## മാർ തോമ്മാശ്ലീഹായും മൈലാപ്പൂരും.

നമ്മുടെ ദിവ്യരക്ഷകന്റെ പന്ത്രണ്ടുശിഷ്യന്മാരിൽഒരാളായമാർ തോമ്മാ മലങ്കര സുറിയാനിസഭയെ ഒരു പ്രശസ്തനിലയിൽ കൊണ്ടുവന്നശേഷം മൈലാപ്പൂരിൽ വെച്ച് ശൂലാരൂഢനായി "വെള്ളപ്രാവിൻ തുല്യ"മായ തന്റെ ആത്മാവിനെ സൎവ്വേശകനു സമൎപ്പിച്ചു എന്നാണല്ലൊ നമ്മുടെ ഇതിഹാസങ്ങളിൽ കാണുന്നതു്. വി. ശ്ലീഹായുടെ മരണം സംഭവിച്ചതു് കൎക്കടകം ൩-നു ആണെന്നും ആ ദിവസം നസ്രാണികൾക്കു് അതിപൂജ്യമായ ഒന്നാണെന്നും പുരാതനഗാനങ്ങളിൽ നിന്നു് നാമറിയുന്നു.

ഏഴപത്തുരണ്ടാം കൎക്കടകമതിൽ
മൂന്നാംദിവസം പുലർകാലെ
വഴിയാത്രകനായ് താൻ ചേരുന്നിതു
മൈലാപ്പൂരിൽ ചിന്നമലക്കു.
വലിയൊരു ശൂലമെടുത്തൊരു ക്രൂരൻ
ബലമായ് നെഞ്ചിൽ ശ്ലീഹായെ
കുത്തിക്കൊണ്ടവരോടിയൊളിച്ചു
ഏമ്പ്രാന്മാരായവരെല്ലാം.
മാത്തോമ്മാ കടലോരക്കാട്ടിൽ
കല്ലിൽവീണു പ്രാൎത്ഥിച്ചു.
മൂന്നരനാഴിക പകലാംവരെയും,
പലവക വേണ്ടുംവിധമെല്ലാം
മന്നവരോടു കല്പിച്ചല്ലൊ
കാലംചെയ്തിതു മാത്തോമ്മാ.
ഒരു പത്തുദിവസംവരെയും നിഷ്ടകൾ
മുറിയാതായോർ ചെയ്യുമ്പോൾ
പെരിയൊരുപ്രത്യക്ഷം താനപ്പോൾ
അവരിൽച്ചെയ്തിതു മാത്തോമ്മാ.
(വുകൾ
സ്വൎണ്ണമയമാംപോല്യുള്ളൊരു വെളി—
ഇവർ മേലെല്ലാം വീശുന്നു.
മണ്ണിൽ പറവാൻ വശമല്ലാത്തൊരു
വിണ്ണാലയമവർ കാണുന്നു.

എന്നുടെ മരണം ഓർമ്മക്കൽ—
ക്കെന്നാൽ നന്മകളുണ്ടാകും.
എന്നുടെ കവറിൽ വന്ദനചെയ്യോ—
ക്കെല്ലാം നന്മകൾ ഞാൻ ചെയ്യും.

ഇങ്ങനെയെല്ലാമാണല്ലൊ നമ്മുടെ പാരമ്പര്യം ശ്ലീഹായുടെ മരണത്തേയും ആ പൂജ്യപുരുഷന്റെ ഓർമ്മക്കായി നസ്രാണികൾ ഭക്തിപുരസ്സരം ആചരിച്ചുവരുന്ന മാർത്തോമ്മാ സുദിനാരംഭത്തേയും വിവരിക്കുന്നതു്. "എന്നുടെ മരണം. . . . എന്നുടെ കവറിൽ. . . ." എന്നുള്ള വാഗ്ദാനത്തെ സ്മരിച്ചുകൊണ്ടല്ലയൊ കർക്കടകം മൂന്നാം തീയതി കേരളത്തിൽ നിന്നു് തീർത്ഥയാത്രക്കാർ മൈലാപ്പൂരിൽ ഒടിക്കൂടിയിരുന്നതു്? ജീവിതകാലത്തിൽ ഒരിക്കലെങ്കിലും ശ്ലീഹായുടെ ശവകുടീരത്തിൽ കുമ്പിട്ടു പ്രാർത്ഥിക്കണംഎന്നപുരാതനവുംഭക്തിസംവദ്ധകവും ആയ നിയമം ഇതിൽ നിന്നല്ലയൊ ഉല്പന്നമായതു്?

മൈലാപ്പൂരിൽ സാഘോഷം സംസ്കൃതമായ മാർത്തോമ്മായുടെ മൃതശരീരം വളരെക്കാലം അക്ഷയമായി ഇരുന്നിരുന്നു. എതദ്വിഷയം വൈദികരുടെ കാനോൻ ജപപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. പൌരാണികകാലം മുതൽ ഉപയോഗത്തിലിരിക്കുന്നതും വി. ശ്ലീഹായുടെ പ്രേഷകവൃത്തിയേയും ആ സിദ്ധന്റെ മരണത്തേയും സ്മരിപ്പിക്കുന്നതുമായ പ്രസ്തുത ജപശേഖരത്തിൽ വി. ശ്ലീഹായെ അഭിസംബോധനം ചെയ്യുന്ന രണ്ടു വാക്യങ്ങൾ കേട്ടാലും.

ܐܘ ܠܡܘܬܐ ܕܐܫܬܥܒܕ ܘܩܒܝܪ ܘܠܐ
ܡܬܚܒܠ :
ܐܘ ܦܓܪܢܝܐ ܕܠܐ ܡܬܦܪܩ ܦܓܪܗ
ܒܚܝܘܗܝ.

"ഓ! മരണത്തിനു വിധേയനായി സംസ്കൃതനെങ്കിലും അക്ഷയനെ!"

"ഓ! ശരീരഘടന അഭേദ്യമായി തന്നെ ഇരിക്കുന്ന ശാരീരികനെ!"

പ്രകൃതഭാഗം തന്നെ കൽദായക്കാരുടെ ജപപുസ്തകത്തിലും കാണുന്നു. കേടുകൂടാതെ സുരക്ഷിതമായിരുന്ന തിരുശ്ശരീരത്തിന്റെ ഒരു ചെറിയഭാഗം എദേസായിലേക്ക് ആദ്യശതകങ്ങളിൽകൊണ്ടുപോകപ്പെട്ടു. അതിപ്പോൾ ഇററലിയിലുള്ള ഓർത്തോന പട്ടണത്തിൽ വളരെ പൂജ്യമായി വെച്ചിരിക്കുന്നതു കാണാം. (F. A. D'cruz K. S. G.)

തിരുശ്ശരീരം വഴിയായി നടന്നുകൊണ്ടിരുന്ന അത്യത്ഭുതകരങ്ങളായ അനവധി സംഭവങ്ങൾ മേല്പറഞ്ഞ വാഗ്ദാനത്തെ നിറവേററിയിരുന്നെന്നു് നിസ്സംശയം പറയാം. വിസ്മയാവഹങ്ങളായ സംഭവങ്ങളുടെ ശ്രുതി ലോകമൊട്ടുക്ക് മാറെറാലികൊണ്ടതിനാൽ മൈലാപ്പൂർ തിരുയാത്രക്കാരുടെ ഒരു പ്രധാനസ്ഥാനമായിത്തീൎന്നു. സുറിയ, ഫ്രാൻസ്, മുതലായ വിദൂരപ്രദേശങ്ങളിൽ നിന്നുള്ള തീർത്ഥയാത്രക്കാരെ പലപ്രാവശ്യവും മൈലാപ്പൂർ സ്വീകരിച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിലെ രാജാവായിരുന്ന മഹാനായ അൽഫ്റെഡ് തോമ്മാശ്ലീഹായുടെ ശവകുടീരത്തിൽ നേർച്ചകാഴ്ചകളെ സമപ്പിച്ചു എന്നു് "ആംഗ്ലൊ സാക്സൻ ക്രോണിക്കിൾസി"ൽ നാം വായിക്കുന്നതിനുള്ള കാരണം മൈലാപ്പൂരിൽ നടന്നുകൊണ്ടിരുന്ന അതിസ്വാഭാവിക സംഭവങ്ങൾതന്നെ.

മാർത്തോമ്മാശ്ലീഹാ തെക്കെ ഇൻഡ്യയിൽ പ്രേഷകവൃത്തി നടത്തിയില്ലെന്നു് വാദിക്കുന്ന വൈദേശിക വിദ്വാന്മാരുടെ ഉത്തമമായ ഗണത്തിൽ ഒരുവനാണു് പരേതനായ ഡോക്ടർ അഡ്റിയാൻ ഫൊർട്ടെസ്ക്യൂ. മഹാനായ അൽഫ്റെഡ്രാജാവിന്റെകൃത്യത്തെ സംബന്ധിച്ചു് അദ്ദേഹം ഇങ്ങനെ പറയുന്നു. "ഇനിയത്തെ സംഗതി നമുക്കു രസകരമാണു്. നമ്മുടെ അൽഫ്റെഡ് രാജാവിനു് കേരളവുമായി ബന്ധമുണ്ടായിരുന്നു. ഡെയിൻകാർ ലണ്ടൻപട്ടണം നിരോധിച്ചപ്പോൾ അവർ പരാജിതരാകുന്നപക്ഷം റോമ്മയിലും വി. തോമ്മായുടെ സ്തുതിക്കായി ഇൻഡ്യയിലും. . . . . കാഴ്ചകൾ സമപ്പിക്കാമെന്നു് അൽഫ്റെഡ് വാഗ്ദത്തം ചെയ്തു. 883-ൽ അദ്ദേഹം കാഴ്ചകൾ കൊടുത്തു് ഷയർബേണിലെ മെത്രാനായിരുന്ന സിഗേൽമ് അഥവാ സ്വയി

ഗേൽമിനെ അയച്ചു. സിഗേൽമ് റോമയിൽ പോയശേഷം മലങ്കരതീരത്തേക്കു തിരിച്ചു. കാഴ്ചകളെ അവിടെ സമൎപ്പിച്ചശേഷം ആഭരണങ്ങളും സുഗന്ധവസ്തുക്കളും അദ്ദേഹം കൊണ്ടുവന്നു. (Lesser East. Chs. P. 361.) മാർക്കൊപ്പോളോ ഇൻഡ്യ സന്ദൎശിച്ചതും വി. ശ്ലീഹായുടെ ശവകുടീരത്തെ മൈലാപ്പൂരിൽ കണ്ടതും ഡോക്ടർ ഫൊർട്ടെസ്ക്യൂ സ്വകൃതിയിൽ കാണിച്ചിട്ടുണ്ട്.

ഫ്രാൻസിലുള്ള ചില പുരാതന ദേവാലയങ്ങളിൽ തോമ്മാശ്ലീഹായുടെ പ്രേഷകവൃത്തിയെ സംബന്ധിച്ച് നമ്മുടെ ഇടയിൽ നടപ്പുള്ള പുരാണകഥകളെല്ലാം ചിത്രരൂപേണ രേഖപ്പെടുത്തിയിരിക്കുന്നു. (F. A. D'cruz K. S. G)

മൈലാപ്പൂരിൽ വന്നുകൊണ്ടിരുന്ന തീൎത്ഥയാത്രക്കാരുടെ അറിവിൽപ്പെട്ടതെല്ലാം ചിത്രത്തിലായെന്ന് ന്യായമായി ഊഹിപ്പാൻ അവകാശമുണ്ട്.

നാലാം ശതാബ്ദത്തിൽ സൂൎയ്യസമാനം പൌരസ്ത്യസഭയിൽ ശോഭിച്ചിരുന്ന മാർ അപ്രേം തോമ്മാശ്ലീഹായെ സ്തുതിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: "ഒരു മേല്പട്ടക്കാരൻ നിനക്കു തിരുനാൾ ഏൎപ്പെടുത്തിയിരിക്കുന്നു." "ഇൻഡ്യയിൽ നിന്റെ അത്ഭുതങ്ങളും ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയവും എല്ലായിടത്തും നിന്റെ തിരുനാളും നടക്കുന്നു." "ജീവിച്ചിരിക്കയിൽ നീ അത്ഭുതങ്ങൾ ചെയ്തു." "മരണാനന്തരവും അവയെ നീ ചെയ്തുവരുന്നു." (Medlycott, Pp. 27–29.) വി. ശ്ലീഹായുടെ തിരുശ്ശരീരാംശം എദേസായിലുമുണ്ടായിരുന്നെങ്കിലും തീൎത്ഥയാത്രക്കാർ ഇൻഡ്യയിലേക്കായിരുന്നു വന്നിരുന്നത് എന്നുള്ളത് പ്രസ്താവ്യമാണ്. തിരുശ്ശരീരം വഴിയായി പല അത്ഭുതങ്ങൾ നടന്നിരുന്നു എന്നുള്ളതിന് വേറെയും സാക്ഷ്യമുണ്ട്. കുറഞ്ഞപക്ഷം നാലാം ശതാബ്ദം മുതൽ മലങ്കരെയുള്ള സുറിയാനി വൈദികർ ഉപയോഗിക്കുന്ന കാനോൻ ജപപുസ്തകത്തിൽ ബുധനാഴ്ച രാത്രിജപത്തിൽ വി. തോമ്മാശ്ലീഹായെക്കുറിച്ചു ഇങ്ങനെ പറയുന്നു.

ܗܐ ܣܝܡܐ ܕܦܓܪܟ ܩܕܝܫܐ ܡܒܘܥ
ܥܘܕܪ̈ܢܐ ܠܟܪ̈ܝܗܐ ܘܐܣܝ̈ܘܬܐ ܠܟܠ
ܕܒܥܝܢ ܘܡܫܬܐܠܝܢ ܒܨܠܘ̈ܬܐ.

"കണ്ടാലും ഒരു ഭണ്ഡാഗാരമായ അങ്ങേ പവിത്രശരീരത്തിൽ നിന്ന് പീഡിതൎക്കും അങ്ങേ പ്രാൎത്ഥനാൎത്ഥികൾക്കും സഹായസൌഖ്യങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നു."

മൈലാപ്പൂരിൽ നിരവധി അത്ഭുതങ്ങൾ സംഭവിച്ചിരുന്നു എന്ന് അനവധി ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അത്ഭുതസംഭവങ്ങളുടെ ലക്ഷണോക്തികൾ ബന്ധിച്ച് പലരും നിശ്ശബ്ദന്മാരായി കാണപ്പെടുന്നു. 12-ാം ശതാബ്ദത്തിൽ ഇൻഡ്യൻസഭയെ ഭരിച്ചിരുന്ന മാർ യോഹന്നാൻ തുരീയൻ മെത്രാപ്പോലീത്ത ഉപമെത്രാന്മാരോടുകൂടി റോമ്മയിൽ ചെന്ന് റോമ്മാകച്ചേരിയിൽ പറഞ്ഞുകേൾപ്പിച്ച ഒരു സംക്ഷിപ്ത വിവരണത്തിൽ നിന്ന് അവയുടെ സ്വഭാവം ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കും. രണ്ടാം കല്ലിസ്റ്റോസ് മാർപ്പാപ്പായുടെ കാലത്താണ് മാർ യോഹന്നാൻ റോമ്മയിൽ പോയതും അത്ഭുതങ്ങളെ അവിടെ അറിയിച്ചതും. ഇതേപ്പറ്റി റൌളിൻ വിശദമായി പ്രസ്താവിക്കുന്നുണ്ട്.

ലോകപ്രസിദ്ധന്മാരായ ബോള്ളൻഡിസ്റ്റ് ഫാദേർസ് (Bollandist Fathers) പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു പുരാതനപദ്യത്തിൽ മാർ യോഹന്നാൻ വിവരിച്ചവയുടെ സാംക്ഷേപം അടങ്ങിയിരിക്കുന്നു. കുറഞ്ഞപക്ഷം 13-ാം ശതാബ്ദത്തിൽ പ്രസിദ്ധീകൃതമെന്ന് വിദ്വാന്മാർ സമ്മതിച്ചിരിക്കുന്ന പ്രസ്തുത കാവ്യഭാഗങ്ങൾ താഴെ ചേൎക്കുന്നു.

Errorum tu contemptor
Perfidorum tu peremptor
Nam nunquam in civitate
Qua jaces in veritate
Vivit quis hereticorum
Judeorum, Paganorum—
Digitis cum quibus Christi

Sacrum latus tetigisti
Sacramentum praebes dignis
Denegando hoc indignis.
Ex hoc fit in manifesto
Omni anno tuo Festo
Vere signum tale tuum
Nunquam fit per quemquam
Sanctum.

(Anacleta of the Bollandist Fathers Vol. VI. P. 403.)

“നീ അബദ്ധങ്ങളെ ദ്വേഷിക്കുന്നവനും വഞ്ചകരെ ധ്വംസിക്കുന്നവനും ആണ്. എന്തെന്നാൽ സത്യത്തിൽ നീ ശയിക്കുന്ന ഗ്രാമത്തിൽ, പാഷണ്ഡനൊ യഹൂദനോ, കാവ്യനോ ആരും ഒരിക്കലും വസിച്ചിട്ടില്ല. മ്ശിഹായുടെ പാവന പാശ്വത്തെസ്പശിച്ച ആ വിരലുകൾകൊണ്ട് യോഗ്യർക്ക് നീ വി. കുർബാന പ്രദാനംചെയ്യുന്നു. അയോഗ്യർക്ക് അത് നിഷേധിക്കുന്നു. ഇതിൽനിന്ന്, സത്യമായും ഈ ദൃശാത്ഭുതം വേറൊരു വിശുദ്ധൻ വഴിയായി നടക്കുന്നില്ലെന്ന് പ്രതിവത്സരം നിന്റെ തിരുനാൾ ദിവസത്തിൽ വ്യക്തമാകുന്നു.”

നമ്മുടെ പിതാവു മാർ തോമ്മാശ്ലീഹായുടെ കടാക്ഷം മലങ്കരയുടെമേൽ സദാ ഉണ്ടാകുമാറാകട്ടെ!

ഫാദർ ബർണ്ണാർഡ് സി. ഡി.

## കേരളീയ കർമ്മലീത്താസഭ.

(പുളിങ്കുന്നു ഇംഗ്ലീഷ് സ്കൂൾ രജതജൂബിലിയാഘോഷത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു.)

ലൌകികമായിട്ട് നിരീക്ഷണം ചെയ്യുമ്പോഴും നമ്മുടെ കർമ്മലീത്താസഭയെ നമ്മുടെ സമുദായത്തിന്റെ വില തീരാത്ത ഒരു ഭൂഷണമായിട്ടാണ് ഞാൻ കരുതാറുള്ളത്. നമ്മുടെ കർമ്മലീത്ത സഭ നമ്മുടെ സമുദായത്തിന്റെ ചൈതന്യത്തിന്റെ വലിയ ഒരുപകരണമാണ്. ഏകദേശം 95 വർഷങ്ങൾക്കുമുമ്പു പോരൂക്കരെ തോമ്മാച്ചനും പാലയ്ക്കൽ തോമ്മാച്ചനും ഈ നാട്ടിൽ ഒരു സന്യാസ സഭ സ്ഥാപിക്കുന്നതിനുള്ള അനുവാദവും തെണ്ടസ്സുള്ള ഒരു ചീട്ടും സ്റ്റബിലീനി മെത്രാനച്ചന്റെ പക്കൽ നിന്നും വാങ്ങിച്ചപ്പോൾ, അവരുടെ പ്രാരംഭം ഇത്ര വലിയ ഒരു സ്ഥാപനമായിത്തീരുമെന്നു വല്ലവരും വിചാരിച്ചു കാണുമോ? നമ്മുടെ സമുദായത്തിൽ തന്നെ ജനിച്ച ആത്മത്യാഗികളുടെയും നമ്മുടെ സമുദായം തന്നെ കൊടുത്ത ധനത്തിന്റെയും സഹായംകൊണ്ട് സമുദായജീവിതത്തിൽ സ്വല്പമായ കാലത്തിനുള്ളിൽ ആ പ്രാരംഭം ഫലപ്രദമായിത്തീർന്നിരിക്കുന്നു. ഭൃത്യന്മാരായ നേതാക്കന്മാരുണ്ടായി; സമുദായം അവരെ അനുഗമിച്ചു.

പുളിങ്കുന്നിലെ ഈ കൊവേന്തയുടെ ആരംഭം 1861-ലാണ്. ലഫ്റ്റനന്റു വാർഡിന്റെ റിപ്പോർട്ടിൽ ഇടവകപ്പള്ളിയിൽ നിന്നു കുറെ ഗജം ദൂരത്തിൽ ഒരു ചെറിയ പള്ളി പുളിങ്കുന്നിൽ ഉള്ളതായിപ്പറഞ്ഞിട്ടുണ്ട്. ആ പള്ളിയും സ്ഥലവുമാണ് പിന്നീടു ഈ കൊവേന്തയായിപ്പരിണമിച്ചത്. തട്ടാച്ചേരിൽ അച്ചൻ, അരെച്ചേരിലച്ചൻ, തോപ്പിൽ ഗീവറുഗീസച്ചൻ മുതലായവർ ഇതിന്റെ പ്രാരംഭപ്രവർത്തകന്മാരും ഉത്സാഹികളുമായിരുന്നു. അന്ന് ഏററം ഇടുങ്ങിയതായിരുന്ന കൊവേന്തപ്പറമ്പ് വാച്ചാപറമ്പിൽക്കാരുടേയും കാഞ്ഞിക്കൽക്കാരുടേയും ഔദാര്യപൂവ്വമായ ദാനങ്ങളാൽ കാലക്രമേണവിസ്താരമുള്ളതായിത്തീർന്നു. മുൻപു പറഞ്ഞ നെൽപ്പുരപ്പള്ളിക്കൂടം നടന്നുകൊണ്ടിരുന്നകാലത്തു് ജലമായിക്കിടന്നി

രുന്ന ഈ സ്ഥാനത്തുകൂടെ അത്രായതു ഏകദേശം ഈ പള്ളിക്കൂടം ഇരിക്കുന്ന സ്ഥാനത്തുകൂടെ പലപ്രാവശ്യം നീന്തി അക്കരകയറിയതായി ഞാൻ ഓർമ്മിക്കുന്നുണ്ട്. അന്ന് ഈ സ്ഥലങ്ങൾ കണ്ടിട്ടുള്ള ആളുകൾ ഇന്നിപ്പോൾ പെട്ടന്നിവിടെവന്നു നോക്കിയാൽ എന്തൊരു മഹേന്ദ്രജാലമാണു ഇവിടെ നടന്നതെന്നു വിസ്മയിച്ചുപോവും. ജലമായിക്കിടന്നതെല്ലാം സ്ഥലമാകയും സ്ഥലത്തിൽ മനോഹരങ്ങളായ വിദ്യാമന്ദിരങ്ങൾ ഉണ്ടാകയും ചെയ്തിരിക്കുന്നതു നമ്മുടെ കർമ്മലീത്താവൈദികന്മാരുടെ സമുദായസേവനത്തിന്റേയും പരിശ്രമത്തിന്റേയും പ്രത്യക്ഷ ലക്ഷണങ്ങളാകുന്നു.

സന്യാസാശ്രമങ്ങൾകൊണ്ടു ആത്മികവും ലൌകികവുമായ ഗുണങ്ങൾ പല രാജ്യങ്ങളിലുമുണ്ടായിട്ടുണ്ട്. യൂറോപ്പിൽ വനങ്ങളായിക്കിടന്നിരുന്ന സ്ഥലങ്ങളെ ജനവാസയോഗ്യമാക്കിത്തീർത്തു് അവിടങ്ങളിലെ ജനങ്ങളെ പരിഷ്കരിച്ചതു സന്യാസാശ്രമങ്ങളായിരുന്നുവെന്നു ചരിത്രജ്ഞന്മാർസമ്മതിക്കുന്ന ഒരു സംഗതിയാണു്. സന്യാസികൾ സന്യാസസൌകര്യത്തേക്കരുതിയോ മറ്റോ തങ്ങളുടെ ആശ്രമങ്ങളെ വിജനസ്ഥലങ്ങളിലാണു് സ്ഥാപിക്കാറുണ്ടായിരുന്നതു്. കാലക്രമേണ ഈ ആശ്രമങ്ങൾ മഹാനഗരങ്ങളുടെയും ഫലപുഷ്ടിയുള്ള കൃഷിസ്ഥലങ്ങളുടെയും കേന്ദ്രങ്ങളായിത്തീൎന്നു. ഈ ആശ്രമങ്ങൾ ജനങ്ങളെ ആകർഷിക്കുകയും അവരെ പരിഷ്കരിക്കുകയും ചെയ്തിരുന്നു. യൂറോപ്പിൽ നടന്നുവെന്നു ചരിത്രജ്ഞന്മാർ പറയുന്ന ഈ സംഗതികൾ വാസ്തവമായിരിക്കണമെന്നു മാന്നാനം മുതലായ സന്യാസാശ്രമങ്ങളെ അവലോകനംചെയ്താൽ നമുക്കനുമാനിക്കാവുന്നതാണു്. 95 വർഷങ്ങൾക്കുമുമ്പു മാന്നാനംകുന്നു് പുലിയുടെയും നരിയുടെയും വാസസ്ഥലമായിരുന്നുവെന്നു് ഊഹിക്കാൻ പ്രയാസമുണ്ടായിരിക്കയില്ല. ഇപ്പോൾ ആ കുന്നു് എങ്ങനെയിരിക്കുന്നു? മിക്കവാറും ഒരു ചെറുതായ പട്ടണമായിരിക്കുന്നു. ഇനിയൊരുതൊണ്ണൂററിയഞ്ചു വർഷം കൂടി കഴിഞ്ഞാൽ മാന്നാനത്തിനും അതിരമ്പുഴക്കും മദ്ധ്യേ വിശാലമായ ഒരു പട്ടണം നമ്മുടെ പിൻഗാമികൾ കാണുന്നതായിരിക്കും.

സന്യാസാശ്രമങ്ങൾ കയ്യേറ്റുകൂന്ന കാര്യങ്ങൾ സാവധാനമെങ്കിലും ക്രമപ്രവൃദ്ധമായിരിക്കാനെ ഇടയുള്ളൂ. ലൌകികന്മാരായ നമ്മുടെ കുടുംബങ്ങളെപ്പോലെ രണ്ടോ മൂന്നോ തലമുറക്കിടയിൽ വൈദികകുടുംബങ്ങൾ ശിഥിലങ്ങളായിത്തീരുന്നില്ല. ഒരുവൻ കൊളുത്തുന്ന ദീപം അദ്ദേഹത്തിന്റെ പിൻഗാമികളാൽ നിരന്തരം പേഷിപ്പിക്കപ്പെടുന്നു. ഈ വൈദിക കുടുംബങ്ങളിൽ ലൌകികകുടുംബങ്ങളിൽ മിക്കപ്പോഴും സംഭവിക്കാറുള്ളതുപോലെ അവിവേകികളൊ ധൂർത്തന്മാരൊ കാരണവന്മാരായിത്തീൎന്നു് കുടുംബസ്വത്തിനേയും കുടുംബമര്യാദയേയും നശിപ്പിക്കുന്നില്ല.

ഈ വിവരിക്കപ്പെട്ട ഗുണങ്ങളോടുകൂടിയ നമ്മുടെകർമ്മലീത്താപ്പിതാക്കന്മാർ ഈ നാട്ടിലെ ജനങ്ങളുടെ ഉപയോഗത്തിനായി ഈ സ്കൂൾ സ്ഥാപിച്ചു അതിനെ നിർവ്വിഘ്നം നടത്തിക്കൊണ്ടു വരുന്നതിൽ നാം അവരോടു കൃതജ്ഞരായിരിക്കേണ്ടിയിരിക്കുന്നു. ഈ സ്കൂളിന്റെ രജതജൂബിലി ഘോഷിപ്പാൻ കാലമായിട്ടും ഇതൊരു ഹൈസ്കൂളായിട്ടില്ലല്ലൊ എന്നു ഇവിടെ ഓർക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ ന്യൂനത താമസം കൂടാതെ നീങ്ങിപ്പോകുമെന്നു നമുക്കാശംസിക്കാം.

ഐ. സി. ചാക്കൊ. ബി. എ. ബി. എസ്സ്. സി.

---

ജനങ്ങളുടെ ഇടയിൽ കുററകരമായ പ്രവൃത്തികൾ കുറയുന്നതിനു മതപഠനം ഒരുത്തമമാർഗ്ഗമായി ന്യൂയോൿകിലെ മൂന്നു ജഡ്ജിമാർ ഒരു ജഡ്ജ്മെൻറിൽ അഭിപ്രായപ്പെട്ടിരിക്കുന്നു,

സിൻസിനാററി എന്ന സ്ഥലത്തുള്ള ഒരു കത്തോലിക്ക കോളെജ് നീട്ടിപ്പണിയുന്നതിനായി പണസഹായം ചെയ്തവരുടെ കൂട്ടത്തിൽ പേരുവയ്ക്കാതെ ഒരാൾ അമ്പതിനായിരം ഡോളർ അയച്ചുകൊടുത്തിരിക്കുന്നു.

## എന്റെ രാജ്ഞീദർശനം.

(തുടർച്ച)

ശമദേ! സകലേശനമ്മയായോ
രമലേ! നന്മനിറഞ്ഞകന്നിയമ്മേ!
സുമനസ്സുകൾ സാദരം സ്തുതിക്കും
സുമതേ! സ്വസ്തിനിനക്കു നിർമ്മലാംഗി! 18

അകളങ്കഗുണങ്ങളാളിടും നി-
ന്നകശുദ്ധിത്തികവാലമേയനീശോ
മകനായിനിനക്കു പാർക്കിലമ്മേ
മികവെന്തോന്നിതിലും വരേണ്ടതുള്ളൂ? 19

മരണംവരെയല്ല പിന്നെയും നീ
ശരണം ദേവി! സദാപി ജീവിവൃന്ദേ
തരണംവരമിജ്ജഗൽസ്സമുദ്രം
തരണംചെയ്യുവതിന്നുത്തമതരത്തിൽ. 20

പലതിങ്ങനെ ചിന്തചെയ്തു നോക്കിൽ
നലമേകുന്ന ചരാചരങ്ങളൊക്കെ
നിലനിൽപതു ലോകനായികേ! നി-
സ്തുലമാം നിൻ കൃപയൊന്നുകൊണ്ടുമാത്രം 21

അളവറ്റ ദയാമൃതത്തിനാലീ
യിളമേൽ വേണ്ടവയേകിടീശപത്നീ! നീ
ഇളബുദ്ധികളായതിന്നു മർത്ത്യർ
ഇളവെന്യേ നിജനാമമുള്ളിലോർപ്പൂ 22

പലതിങ്ങനെയോർത്തുനോക്കിലമ്മേ!
നലമാമൂഴിയിതെന്നു തോന്നുമാർക്കും
പലനാൾ നിജപാദസേവനത്താൽ
നിലനില്ക്കില്ലുലകെന്നറിഞ്ഞു ഞാനും. 23

നരജന്മമതെത്രതുച്ഛമാണീ
ധരയിൽകാൺമതുമാവിധത്തിലോർത്താൽ
പരമെന്തുകൃതഘ്നഭാവമയ്യോ!
നരകം പാരിതു ഘോരപാപപൂർണ്ണം. 24

ഒരുവൻ പരവിത്തമാഹരിപ്പൂ
പരനാരീവരനായിടുന്നിതന്യൻ
അരുതാത്തൊരുജന്തുഹിംസചെയ്‌വൂ
കരൾ കായുന്നിതു കാൺകവയ്യവയ്യേ!. 25

കൊടുതായ വിനോദകാരിയാമീ
പ്പടുപാപക്കളികണ്ടു കേണിരിപ്പാൻ
പെടുമാടലുരക്കവയ്യമോദ-
ത്തൊടുദാസൻ കഥയോർക്ക കന്നിയമ്മേ! 26

കൊതികെട്ടുകഴിഞ്ഞു ലോകവാസം
മതിയെന്നായ് മരുദാലയപ്രദീപേ!
ഗതിനീനിജഗേഹമെത്തണം ഞാ
നതിനായത്നമനിത്യമാചരിപ്പൂ. 27

പരിതാപഭരേണഗാനമേവം
പരിചിൽപാടിലയിച്ചമർന്നിടും ഞാൻ
അരികെഹയമോടിയെത്തിടുംപോൽ
ത്വരിതം കാലടിയൊച്ചകേട്ടുപിന്നിൽ. 28

ഉടനൊന്നുതിരിഞ്ഞുനോക്കവേ യെ-
ന്നുടലിൽ കോൾമയിർകോരിയിട്ടിതാരോ
ഉടയോനേ! യിതെന്തുകാഴ്ചയന്യ-
ന്നടവോ അല്ലകിനാവു കാൺകയാണോ?. 29

വരനാം രവിവർമ്മതീർത്തചിത്രം
പരലോകത്തു നിവർത്തുകാട്ടിയപ്പോൾ
പരമുള്ളിലസൂയവന്നമൂലം
സുരരേവംപടമൊന്നു ഭൂവിലിട്ടോ. 30

ധരയാം വരനാരിമർത്ത്യരൂപം
വിരവിൽ പാർത്തുധരിച്ചുനില്പതാണോ
സുരനാരിയൊരുത്തി പാരുകാൺമാൻ
പരമാഹ്ലാദമൊടിങ്ങണഞ്ഞതാമോ? 31

രവിബിംബമുടഞ്ഞുവീണതാണോ,
കവികാണുംകമനീയരൂപവായ്പോ,
കവിയും കുതുകേന ലോകശില്പി
ഇവിടോജസ്സുമറച്ചുവച്ചതാമോ? 32

നിശയായനതാംഗി ലോകഗേഹേ
അശനം ചെയ്‌വതിനായ് വിളക്കുവച്ചോ
കൃശഗാത്രമെടുത്തു മോദവായ്പാൽ
ഭൃശമിപ്പോൾ നാരീദീപ്തി നിന്നിടുന്നോ 33

ഉലകാഴിയിലുജ്ജ്വലാഭമായി
വിലസും നല്ലവിശേഷരത്നമെല്ലാം
വിലവെച്ചു വിലക്കു വാങ്ങിയിപ്പോൾ
വിലയൻ ദുഗ്ദ്ധാധിയിങ്ങു കൊണ്ടുവച്ചോ? 34

ഇതിചിന്തകളന്നുവെമ്പി പയ്യൻ
ദ്യുതിയാളും പടമൊന്നു കണ്ടപോലെ
മതിയിൽ കുതുകം വളർന്നുവായ്ക്കും
കൊതിയാൽ കണ്ണുതിരുമ്മി നോക്കിയപ്പോൾ 35

മിന്നും പൊൻമുടി ചൂടിയും മൂദ്ദലമാം
പീതാംബരം ചാൎത്തിയും
മിന്നും മുത്തൊട്ടു മുത്തരീയമൊരുകൈ
ത്താരിങ്ക, ലങ്ങെക്കരെ
മൂന്നാം തന്മകനായ ക്രീസ്തു മരണം
കൈക്കൊണ്ട ക്രൂശേന്തിയും
മന്നിൽ മേരിമദേകരാജ്ഞിയരികേ
കാണായി തുണ്ണായിമേ. 36

വാവായെൻമകനേ! നിനക്കുതരുവാ
നെങ്കയ്യിലില്ലൊന്നുമേ
ബാവാപുത്രനുമായപോലെയലിവായ്
റൂഹായുമേറും വരം
സാവേഗം തരുമുത്തരീയമിത ഞാ
നേകുന്നു കണ്ഠസ്ഥലേ
ചാവോളം മകനേ! ധരിക്കസകലം
സാധിച്ചനീ തൃപ്തനാം. 37
മെത്തും മുത്തൊട്ടു മുത്തരീയമിരുകൈ
ത്താരാലെ വാങ്ങീട്ടുഞാൻ
പത്തും കൂപ്പിനിവൻ ഭക്തിയുതനായ്
മേല്പോട്ടു നോക്കീടവേ
തത്തും മോദഭരേണ സൂൎയ്യകിരണാ
പൂൎവ്വാദ്രിതന്മേലിൽവ-
ന്നെത്തും കാൎയ്യകരൽക്കരുന്നു കവരും
കാലത്തു കണ്ണായിമേ. 38

വീ. ററി. തോമസ് പാലാ.

# ഹനാൻ വെള്ളം.

സാധാരണ കത്തോലിക്ക ദേവാലയത്തിന്റെ വാതിലുകൾക്കു സമീപം ഭിത്തിയിൽ പ്രത്യേകം പാത്രങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും ദേവാലയത്തിലേക്കു പ്രവേശിക്കുന്ന അവസരങ്ങളിൽ നാം തൊട്ടു കുരിശുവരക്കുന്നതും ആയ പരിശുദ്ധ ജലമാണല്ലോ ഹനാൻ വെള്ളം എന്ന പേരിൽ ഗ്രഹിക്കപ്പെടുന്നതു്. ഞായറാഴ്ച ദിവസങ്ങളിൽ പ്രധാന കുൎബാനക്കു മുമ്പേ പട്ടക്കാരൻ വിശേഷ വസ്ത്രധാരിയായി ചില സങ്കീൎത്തനങ്ങൾ ചൊല്ലിക്കൊണ്ടു ജനങ്ങളിൽ തളിക്കുന്നതിനും തിരുസ്സഭയുടെ നാമത്തിൽ ഏതൊരു വസ്തുവിനെ എങ്കിലും ആശീൎവ്വദിക്കുന്നതിനും ഈ ജലത്തെ ഉപയോഗിക്കുന്നു. കൂടാതെ മററനേക സന്ദൎഭങ്ങളിലും ഈ വിശുദ്ധ ജലം കത്തോലിക്കൎക്കു് ഉതകുന്നുണ്ടു്. അതിനാൽ ഹനാൻ വെള്ളത്തെപ്പററിയുള്ള ഒരു വിവരണം വായനക്കാൎക്കു ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

ഹനാൻ വെള്ളം എന്ന പദപ്രയോഗം തന്നേ 'പാതിരിമലയാള'മാണെന്നോ പഴയ വേദഭാഷയാണെന്നോ ചിലരൊക്കെ അപഹസിച്ചേക്കാം. വേദഭാഷയെ മാത്രമല്ല വേദത്തെപ്പോലും സംസ്കൃതീകരിക്കേണമെന്നു് ശഠിക്കുന്ന നമ്മുടെ ചില ഉൽപതിഷ്ണുക്കൾക്കു് ഇങ്ങനെ തോന്നുന്നുവെങ്കിൽ അത്ഭുതപ്പെടാനുമില്ല. അനേകരും അത്യാശിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക പദങ്ങൾ നടപ്പിൽ വരികയോ വരുത്തുകയോ ചെയ്യുന്നതുവരെ ഉള്ളതുകൊണ്ടൊക്കെ തൃപ്തിപ്പെടാതെ ഗത്യന്തരമില്ല. നമ്മുടെ ഹനാൻ വെള്ളത്തിനു ഇംഗ്ലീഷിൽ 'ഹോളിവാട്ടർ' എന്നും ലത്തീനിൽ 'അക്വാബെനദീക്താ' എന്നും പറയുന്നു. യഥാക്രമം ഇതിന്റെ ശരിയായ പരിഭാഷ പരിശുദ്ധ ജലം, ആശീൎവ്വദിക്കപ്പെട്ട ജലം എന്നാണു്. പക്ഷേ നമ്മുടെ ഇടയിൽ നടപ്പുള്ള പദം ഇതു രണ്ടുമല്ലാതെ ഹനാൻ വെള്ളം എന്നതാണല്ലോ. ഈ "ഹനാൻ" വന്നതു സുറിയാനിയിൽ നിന്നാണു്. ഹനാൻവെള്ളത്തിനു സുറിയാനിഭാഷയിൽ 'മയ്യാദഹനാനാ' എന്നാണു് പറയുന്നതു്. അനുഗ്രഹത്തിന്റെ ജലം എന്നു ഇതിനെ തൎജമ ചെയ്യാം. ഹനാനാ (അനുഗ്രഹം) എന്ന സുറിയാനി പദം ലോപിച്ചു ഹനാൻ എന്നും പ്രയോഗിക്കുന്നുണ്ടു്. ഇപ്രകാരം സുറിയാ

നിയും മലയാളവും ചെന്നാണു നമ്മുടെ ഹനാൻ വെള്ളമുണ്ടായിട്ടുള്ളതു്.

കത്തോലിക്ക സഭയിലേ കർമ്മാനുഷ്ഠാനങ്ങളിൽ വെള്ളം എത്രയും പ്രധാനമായ ഒരു സാധനമാണു്. മനുഷ്യൻെറ പരമാന്ത്യ പ്രാപ്തിക്കു്— നിത്യരക്ഷയ്ക്കു്— വെള്ളം അത്യന്താപേക്ഷിതമാണെന്നു നാം അറിയുന്നു. സൃഷ്ടിക്കപ്പെട്ട ഉടൻ തന്നെ വെള്ളത്തിൻ മുകളിൽ ദൈവാത്മാവു് പരിവർത്തിച്ചിരുന്നതായി വിശുദ്ധ ഗ്രന്ഥത്തിൻെറ അരംഭത്തിൽ തന്നെ നാം വായിക്കുന്നു. ലോകം മുഴുവനും തിന്മ കൊണ്ടു നിറഞ്ഞപ്പോൾ വെള്ളം കൊണ്ടു (ജലപ്രളയത്താൽ) ദൈവം അതിനേ ശുദ്ധീകരിച്ചു. നമ്മുടെ ദിവ്യരക്ഷകൻ വെള്ളത്താൽ ജ്ഞാനസ്നാനപ്പെട്ടു. സ്വർഗ്ഗീയ രാജ്യത്തിൻെറ അവകാശികൾ നാമായിത്തീരേണ്ടതിനു വെള്ളം നമുക്കു കല്പിച്ചു തരികയും ചെയ്തിരിക്കുന്നു. സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സമസ്ത വസ്തുക്കളിലും വച്ചു ഏററവും അധികമായിരിക്കുന്നതും അനായാസേന ഓരോരുത്തനും ലഭിക്കാവുന്നതും വെള്ളമാകയാൽ സ്വർഗ്ഗീയ രാജ്യപ്രാപ്തിക്കു സാധകസാധനമായി ദൈവം ഇതിനെ തിരഞ്ഞെടുത്തിരിക്കുന്നതു തൻെറ ദിവ്യപരിപാലനയുടെ ഒരുത്തമ ലക്ഷ്യമായി നാം ഗ്രഹിക്കേണ്ടതാണു്.

വെള്ളത്താലുള്ള ശരീരക്ഷാളനം കൊണ്ടു ആത്മീയ പരിശുദ്ധി വരുന്നതായി പൂർവ്വകാലംമുതൽ ആളുകൾ വിശ്വസിച്ചിരുന്നതായി നാം കാണുന്നുണ്ടു്. ദൈവത്തിൻെറ ആജ്ഞപ്രകാരം വെള്ളം പൂജ്യമായി കരുതപ്പെട്ടിരുന്നുവെന്നു പഴയ നിയമത്തിൽ പലേടത്തും നാം വായിക്കുന്നു. പുതിയ നിയമത്തിലും ഇതുപോലെതന്നെ കാണുന്നു. പരിസന്മാരും യൂദന്മാരും ഇപ്രകാരം വിശ്വസിച്ചു പ്രവർത്തിച്ചിരുന്നുവെന്നതിൽ സന്ദേഹമില്ല. ഗംഗയിൽ സ്നാനം ചെയ്യുന്നതു സ്വർഗ്ഗപ്രാപ്തിക്കു കാരണമാണെന്നു നമ്മുടെ ഹിന്തുസഹോദരങ്ങൾ കരുതുന്നുണ്ടല്ലോ. ഗബ്രിയേൽ എന്ന ദിവ്യദൂതൻ മഹമ്മദിനു കൊറാൻ കൊണ്ടുവന്നുകൊടുത്തപ്പോൾ രണ്ടുമൂന്നു വിധം ക്ഷാളനങ്ങളേയും നിശ്ചയിച്ചിട്ടുണ്ടെന്നു മഹമ്മദീയർ വിശ്വസിച്ചുപോരുന്നു. ഗ്രീക്കുകാർക്കു മതസംബന്ധമായ സകല ശുദ്ധീകരണങ്ങൾക്കും അത്തേൻസ് പട്ടണത്തിൻെറ സമീപമുള്ള ഇലിസ്സസ് നദിയിലെ വെള്ളം കൂടിയേകഴിയൂ. ഹോമർ, വിർജിൽ മുതലായ പൂർവ്വിക കവിപുംഗവന്മാർ തങ്ങളുടെ തുവൽതുമ്പിൽനിന്നും വിഗളിച്ച പലേ 'പാത്രങ്ങളും' അവരുടെ മിക്ക ചടങ്ങുകൾക്കും മുമ്പെ കൈകഴുകികൊള്ളേണമെന്നു നിർബന്ധമാണു്. പൂജകൾക്കു മുമ്പേ കുളിക്കണമെന്നതു പൂർവ്വ റോമാക്കാർക്കും ഒഴിച്ചുകൂടാത്തതായിരുന്നു.

ക്രിസ്തുമതം അറിയപ്പെടുന്നതിനു മുമ്പായി ഇംഗ്ലണ്ടു്, നോർവ്വേ, റഷ്യാ, ഡെന്മാർക്കു് മുതലായ പാശ്ചാത്യരാജ്യങ്ങളിലും, ചൈനാ, ടിബററു്, ജപ്പാൻ, ഇൻഡ്യാ ആദിയായ പൌരസ്ത്യദേശങ്ങളിലും എന്നല്ല ചരിത്രരേഖകൾ ഉള്ളതായ സകല നാടുകളിലും വേദസംബന്ധമായ ഓരോ വിധം പ്രക്ഷാളനങ്ങൾ നടപ്പുണ്ടായിരുന്നുവെന്നു നമുക്കറിവാൻ നിവൃത്തിയുണ്ടു്. ഇതുകൊണ്ടുംമററും വിശുദ്ധ അഗുസ്തീനോസ് തെർത്തുല്യൻ മുതലായ ശാസ്ത്രകോവിദന്മാർ വെള്ളത്തിൻെറ മഹിമയെപ്പററി വളരെ സ്തുതിച്ചുപറഞ്ഞിരിക്കുന്നു.

വിശുദ്ധ ജലത്തിൻെറ ഉപയോഗം പ്രകാരാന്തരേണ സംഖ്യാപുസ്തകം, രാജാഗമം മുതലായ വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നുണ്ടു്. എന്നാൽ ഇപ്പോൾ തിരുസഭയിൽ ഒരു തരം വിശുദ്ധജലം മാത്രമല്ല പ്രയോഗത്തിലിരിക്കുന്നതു്, മൂന്നുതരത്തിലുണ്ടു്. ഇവയിൽ സർവ്വസാധാരണമായതു നമ്മുടെ ഹനാൻവെള്ളംതന്നെ. ദേവാലയപ്രതിഷ്ഠാവസരത്തിൽ മെത്രാന്മാരും ജ്ഞാനസ്നാനത്തിനു സാധാരണ വൈദികന്മാരും ആശീർവ്വദിച്ചുപയോഗിക്കുന്നതാണു ശേഷം രണ്ടുതരം വിശുദ്ധ ജലങ്ങൾ. ശരീരക്ഷാളനം ആത്മീയശുദ്ധീകരണത്തിൻെറ ഒരു സ്വാഭാവികസൂ

ചനയായി സൎവ്വജാതിക്കാരും സമ്മതിച്ചിരിക്കുന്നുവെന്നു പറഞ്ഞുകഴിഞ്ഞല്ലോ. "ഞാൻ നല്ല ജലം നിന്നിൽ തളിക്കുമ്പോൾ നീ വെടിപ്പുള്ളവനാകും" എന്നു എസക്കിയേൽ ദീൎഘദൎശി വഴിയായി ദൈവം അരുളിച്ചെയ്യുന്നു. തിരുകൎമ്മങ്ങൾ ആരംഭിക്കുന്നതിനു മുമ്പു ആചാൎയ്യന്മാർ കൈകാലുകൾ കഴുകുക യൂദജനങ്ങളിലും നടപ്പുണ്ടായിരുന്നുവെന്നു മുകളിൽ പ്രസ്താവിച്ചല്ലോ. പൂൎവ്വറോമ്മാക്കാരും വിശുദ്ധ ജലംകൊണ്ടു സ്വയം ശുദ്ധിപ്പെടുത്തുകയോ പട്ടക്കാരാൽ തളിക്കപ്പെടുകയോ ചെയ്തിരുന്നുവെന്നു ചരിത്രം സാക്ഷീകരിക്കുന്നുണ്ടു്. (തുടരും.)

ഏണേക്കാട്ടു യൗസേപ്പു കത്തനാർ.

# വിശുദ്ധ കുർബാന എന്ന മഹാബലി.

## III.

### ബലിയുടെ ആരംഭം

ബലി സമൎപ്പിക്കുന്ന ആചാരം എല്ലാകാലങ്ങളിലും ലോകത്തിന്റെ എല്ലാ ജാതികളുടെ ഇടയിലും നടപ്പുള്ള ഒന്നാകുന്നു.

ബലികൾ സ്മരണാതീതകാലം മുതൽ നടത്തപ്പെട്ടുവരുന്നു. ബലിയുടെ ഒന്നാമത്തെ ഉദ്ദേശം ദൈവാൎച്ചനം അഥവാ ബഹുമാനം ആയിരിക്കയാൽ ബലിക്കു, 'പൂജ' എന്നു പൎയ്യായപദമുണ്ടു. ആദ്യമാതാപിതാക്കന്മാരുടെ പുത്രന്മാരായ കായേനും ഹാബേലും ബലികൾ സമൎപ്പിച്ചതായി നാം അറിയുന്നു. യഹൂദന്മാരുടെ ഇടയിൽ മാത്രമല്ല പുറജാതികളായ അജ്ഞാന ജാതികളുടെ ഇടയിലും ബലികളും പൂജകളും ആചരിക്കപ്പെട്ടുവരുന്നു. യഹൂദന്മാരുടെ പ്രധാന പുരോഹിതൻ പ്രഭാതസന്ധ്യയിലും, അസ്തമനസന്ധ്യയിലും, ജനങ്ങളുടെവേക്കു അൎപ്പണപൂജ നടത്തിവന്നു. അദ്ദേഹം ആദ്യമെ പീഠത്തിൽ ധൂപാരാധന നടത്തുകയും, പിന്നീടു മാവും എണ്ണയും സാമ്പ്രാണിയും സഹിതം ഒരു അരക്തമയ പൂജ അൎപ്പിക്കയും ചെയ്തുവന്നു. (ലേവാ. 5. 14.) അവസനാത്തിൽ ആഹാരപാനിയങ്ങളോടുകൂടി, ഒരു വയസ്സുള്ള നിൎമ്മലമായ ഒരു കുഞ്ഞാടിനെക്കൊന്നു് രക്തചിന്തലോടുകൂടിയ ഒരു രക്തമയ ബലിയും സമൎപ്പിക്ക പതിവായിരുന്നു. (പുറപ്പാ. 29. 38.) സാബത്തായ സ്വസ്ഥനാളിൽ പ്രതിദിനപൂജകൾക്കും പുറമേ, ആഹാരപാനിയങ്ങളോടുകൂടെ ഒരു വയസ്സുള്ള രണ്ടു കുഞ്ഞാടുകളെ ബലിസമൎപ്പിക്കും. (സംഖ്യ. 28. 9.) ചില പ്രത്യേക പെരുനാളുകളിൽ വിശേഷ ബലികളും നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

സത്യദൈവത്തിന്റെ ജ്ഞാനമില്ലാതിരുന്ന അജ്ഞാന ജാതികൾക്കും ബലികൾ ഉണ്ടായിരുന്നു. എന്നാൽ ബലിസംബന്ധിച്ച അവരുടെ വിശ്വാസവും ആചാരവും കഷ്ടമായും ദുഷ്ടമായുമുള്ളതായിരുന്നു. എന്തെന്നാൽ അവർ നരബലികളെ കഴിച്ചുവന്നതുകൂടാതെ, പിശാചുക്കൾക്കും, തങ്ങളുടെ ദുൎവൃത്തങ്ങളാലും ദുഷ്ക്രിയകളാലും പിശാചുക്കൾക്കു തുല്യന്മാരായവരുടെ പ്രതിമകളായ വിഗ്രഹങ്ങൾക്കും, ബലി സമൎപ്പിച്ചുവന്നു. മോആബിന്റെ രാജാവ്, ഇസ്രായേൽക്കാൎക്കു വിരോധമായി സഹായം കിട്ടുന്നതിലേക്കു തന്റെ മൂത്തപുത്രനെ മോലൂക്കു എന്ന ദേവതയ്ക്കു ഹോമബലി സമൎപ്പിച്ചതായി പറയപ്പെടുന്നു. (1. രാജ. 3. 27.) ഹിന്തുസ്ഥാനത്തിൽതന്നെയും ഒറീസായിലെ ജഗന്നാഥക്ഷേത്രത്തിലും മററു പല സ്ഥലങ്ങളിലും എത്രയോ നരബലികൾ ന

ടന്നിട്ടുണ്ടു! ബ്രിട്ടീഷ്കാരേ ഭയന്നിട്ടല്ലെങ്കിൽ ഇപ്പോഴും എത്ര നടന്നേനെ! “അജ്ഞാനികൾ ബലികഴിക്കുന്ന വസ്തുക്കൾ ദൈവത്തിന്നല്ല, പിശാചുക്കൾക്കത്രെ” എന്നു് വിശുദ്ധ പൗലോസ് പറയുന്നു. (I. ക്രാ. 10. 2 .) ബലി ആരുടെ വിഗ്രഹങ്ങൾക്കു മുമ്പാകെ നടത്തുന്നുവോ, ആ വിഗ്രഹങ്ങൾ ആരുടെ പ്രതിമകൾ ആയിരിക്കുന്നുവോ, അവക്കാണു് സാക്ഷാൽ ബലി സമർപ്പിക്കപ്പെടുന്നതു്. ഇന്നു അവർ ജീവിച്ചിരുന്നുവെങ്കിൽ തങ്ങളുടെ ഭക്തന്മാർ അവരെ എന്നും കാരാഗൃഹത്തിൽ താമസിപ്പിക്കാൻ നീതിചട്ടം മൂലം നിർബന്ധപ്പെട്ടും; അത്ര ധൂർത്തന്മാരായ ദേവന്മാർക്കു ബലികളും ആരാധനകളും നടത്തുന്നതു എത്ര നികൃഷ്ടവും അജ്ഞാനവും ആകുന്നു. ഈദൃശന്മാർ യൂനിവേഴ്സിററി ബിരുദധാരികളായിരുന്നാലും വാസ്തവത്തിൽ അജ്ഞാനികളെന്നപേരിന്നു അർഹന്മാരാകുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ വെട്ടം ഇല്ലാഞ്ഞാൽ മനുഷ്യജാതിയുടെ അവസ്ഥ എത്രയോ വിലപനീയമാകുന്നു!

ബലി പൂജകളെ സമർപ്പിക്കുന്നതിനു മനുഷ്യവർഗ്ഗത്തെ നിർബന്ധിക്കുന്ന മുഖാന്തരങ്ങൾ താഴെപ്പറയുന്നവയാകുന്നു: ൧. തങ്ങൾ പാപികളാകുന്നു എന്നുള്ള ആത്മബോധം. ൨. ദൈവത്തോടു സമാധാനപ്പെടണം എന്നുള്ള ആഗ്രഹം. ൩. ബലികളെ സംബന്ധിച്ച ദൈവത്തിന്റെ കല്പന അഥവാ, സ്വീകരണം. ചോരചിന്തൽ കൂടാതെ പാപമോചനം ഇല്ലാ എന്നു, വിശുദ്ധ പൌലൊസ പറയുന്നു: (ഹെബ്രു. ൯. 28.) ഹാബെൽ, നോഹ, ഏലിയാ, മുതലായ പിതാക്കന്മാരുടെ ബലികളെ ദൈവം എത്ര സന്തോഷപുരസ്സരം സ്വീകരിച്ചു. ഇസഹാക്കിനെ സംബന്ധിച്ചെന്നപോലെ മററുപല അവസരങ്ങളിലും ദൈവം ബലിയെ അവശ്യം ആവശ്യപ്പെട്ടിട്ടുള്ളതായി നാം അറിയുന്നു. ബലിയെ സംബന്ധിച്ച ശുശ്രൂഷാദികളെ ദൈവം മൂശ വഴിയായി അറിയിച്ചുതന്നിട്ടുമുണ്ടു്.

യഹൂദജനത്തിന്റെ ബലികൾ, പ്രത്യേകം, പെസഹാക്കുഞ്ഞാടു, പാപപരിഹാരബലി; ഇതുകൾ രക്ഷിതാവു് ഗാഗുൽത്താമലയിൽ അർപ്പിപ്പാനിരുന്ന കുരിശിന്റെ മഹാബലിയുടെസാദൃശ്യങ്ങൾ ആയിരുന്നു. പഴയനിയമത്തിൽ രക്തച്ചൊരിച്ചിൽ എവിടെയും കാണ്മാനുണ്ടു്. ഇതു് നമ്മെ വിശുദ്ധീകരിക്കുന്ന മ്ശിഹായുടെ രക്തത്തിന്റെ സാദൃശ്യമാകുന്നു. യഹൂദന്മാരുടെ പാപപരിഹാരതിരുനാൾദിവസത്തിൽ നടത്തപ്പെട്ടുവന്ന കർമ്മങ്ങൾ ഇപ്രകാരമായിരുന്നു: പ്രധാന പുരോഹിതൻ, ജനത്തിനുവേണ്ടി സമർപ്പിക്കപ്പെടുവാനിരുന്ന ഒരു കോലാടിന്റെ തലമേൽ, തന്റെ ഇരുകരങ്ങളെയും വിരിച്ചുപിടിച്ചുകൊണ്ടു, ജനങ്ങളുടെ പാപങ്ങളെ ഏററുപറകയും, അവ അതിന്മേൽ സ്ഥാപിക്കപ്പെടുവാൻ പ്രാർത്ഥിക്കയും ചെയ്തശേഷം, അതിനെ വനത്തിലേക്കു ഓടിച്ചുകളയും: ഇങ്ങനെ ദൈവസന്നിധാനത്തിൽനിന്നു പാപങ്ങൾ നീക്കപ്പെട്ടു എന്നു സാദൃശ്യാർത്ഥത്തിൽ അറിയിക്കപ്പെടുന്നു. പഴയനിയമത്തിലെ ബലികൾ നമ്മുടെ കർത്താവിന്റെ പാപപരിഹാരബലിയുടെ വെറും സാദൃശ്യം മാത്രമായിരുന്നതിനാൽ, ദാനിയേൽ, ഓശാ എന്ന പ്രവാചകന്മാരുടെ ദീർഘദർശനപ്രകാരം ഇതു് നടന്നശേഷം അതുകൾ നിർത്തലാക്കപ്പെട്ടു. (ദാനി. 9. 27; ഓശാ. 3. 4.) പുറജാതികളുടെ ഇടയിൽ നടപ്പായിരുന്ന ബലികൾതന്നെയും, സാക്ഷാലുള്ള പാപപരിഹാരബലിയുടെ ഒരു രൂപകം മാത്രമായിരുന്നു. വിശിഷ്യാ എല്ലാജാതിജനങ്ങളുടെയും ഇടയിൽ, ഋഷഭമേഷങ്ങളുടെ രക്തച്ചൊരിച്ചിൽകൂടാതെ പാപമോചനം ലഭിക്കയില്ലെന്നും ദൈവത്തെശാന്തനാക്കാൻ വഹിയാ എന്നും ഒരു സത്യബോധം പ്രബലപ്പെട്ടിരുന്നു. എന്നാൽ ദൈവത്തെ മനുഷ്യനോടു ശാന്തപ്പെടുത്തുവാൻ അനന്തവിലയുള്ള ഒരു മഹാബലി ആവശ്യമായിരുന്നു. ആ മഹാപാപപരിഹാരബലിയുടെ ഫലങ്ങൾ എല്ലാവർക്കും സുലഭമാക്കാൻവേണ്ടി, വിശു. കുർബ്ബാന എന്ന അനുഭവഭാജകബലി നമ്മു

ടെ പീഠങ്ങളിന്മേൽ ദിവസംപ്രതി ആവൎത്തിക്കപ്പെടുന്നു എന്നു നാം നല്ലവണ്ണം ഓൎക്കേണ്ടതാകുന്നു.

ക. നി. മൂ. സ. അപ്രേം പട്ടക്കാരൻ.

## ഗ്രീഗോരിയൻകുൎബ്ബാന.

ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള വിശ്വാസം കത്തോലിക്കാ സഭയുടെ ഉപദേശങ്ങളിൽ സൎവ്വ പ്രധാനമായിട്ടുള്ള ഒന്നുതന്നെയാണെന്നു് കത്തോലിക്കരിൽ ആരെയും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ലാ. അല്പപാപങ്ങളോടുകൂടെ മരിക്കുന്നവരുടെ ആത്മാക്കൾ പാപ മാലിന്യത്തിൽ നിന്നും ശുദ്ധിപ്രാപിക്കേണ്ടതിനായി, ശുദ്ധീകരണസ്ഥലമെന്നു് വിളിക്കപ്പെടുന്ന ഭയങ്കരകാരാഗൃഹത്തിൽ ബന്ധിക്കപ്പെടുമെന്നും വിശ്വാസികളുടെ പ്രാൎത്ഥനകളും സൽകൃത്യങ്ങളും മൂലം ഈ ആത്മാക്കൾക്കു് മോചനം സിദ്ധിക്കുമെന്നും കത്തോലിക്കാ സഭ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. ശുദ്ധീകരണാത്മാക്കളെ സഹായിക്കുന്നതിന്നുപയുക്തങ്ങളായ അനവധി മാൎഗ്ഗങ്ങൾ കത്തോലിക്കാസഭതദംഗങ്ങൾക്കു് കാണിച്ചുകൊടുക്കുന്നുണ്ടെങ്കിലും, അവയുടെ കൂട്ടത്തിൽ കുൎബ്ബാന എന്ന ബലിയെപ്പോലെ ഇത്ര ഫലപ്രദമായ ഒരുപകരണം വേറെ ഇല്ലെന്നുള്ളതു് നിശ്ചയംതന്നെ. കുൎബ്ബാന എന്ന ബലി സാരാംശത്തിൽ നമ്മുടെ ദിവ്യരക്ഷകൻ ഗാഗുൽത്തായിൽ ലോകത്തിന്റെ പാപ പരിഹാരത്തിനായി അൎപ്പിച്ച പരമബലിയുടെ ഒരു ആവൎത്തനം മാത്രമാകുന്നു. അതിനാൽ ഈ ദിവ്യ ബലിയുടെ സമൎപ്പണം മൂലം മിശിഹായുടെ തിരുശ്ശരീരത്തിന്റെ അവയവങ്ങളായിരിക്കുന്ന ശുദ്ധീകരാത്മാക്കൾക്കു് പാപമോചനം സിദ്ധിക്കുമെന്നതു് നിസ്സംശയമായ കാൎയ്യമത്രെ. കുൎബ്ബാന എന്ന ബലി ജീവിക്കുന്നവൎക്കും മരിച്ചവൎക്കും ഒരുപോലെ പ്രയോജകീഭവിക്കുന്നതാണെന്നു് ത്രെന്തോസ് സൂനഹദോസ് പഠിപ്പിച്ചിട്ടുണ്ടു്.

ശുദ്ധീകരണാത്മാക്കളുടെ ഉദ്ധരണാൎത്ഥം "ഗ്രീഗോരിയൻ കുൎബ്ബാന" എന്ന നാമത്തിൽ മുപ്പതു കുൎബ്ബാന തുടൎച്ചയായി ചൊല്ലിക്കുന്ന ഭക്തിപരമായ ആചാരത്തെ പററി കേട്ടിട്ടില്ലാത്തവർ കത്തോലിക്കരുടെ ഇടയിൽ അധികപേർ ഉണ്ടായിരിക്കുമെന്നു് തോന്നുന്നില്ല. മരിച്ചയാളുകളുടെ ആത്മോപകാരത്തിനായി ചെയ്യപ്പെടുന്ന ഭക്തകൃത്യങ്ങളുടെ കൂട്ടത്തിൽ "ഗ്രീഗോരിയൻ കുൎബ്ബാന"യ്ക്കു് വളരെപ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നതിനാൽ അതിനെക്കുറിച്ചു കത്തോലിക്കൎക്കു് സമഷ്ടിയായ ഒരു ജ്ഞാനം ഉണ്ടായിരിക്കേണ്ടതു് ആവശ്യം തന്നെ. ഗ്രീഗോരിയൻ കുൎബ്ബാനയുടെ ആരംഭം; ക്രിസ്ത്വാബ്ദം ൫൯൦ മുതൽ ൬൦൪വരെ തിരുസ്സഭയെ ഏററം പ്രശസ്തിയോടുകൂടി ഭരിച്ചിരുന്ന, വി. വലിയഗ്രീഗോരിയോസ് മാൎപ്പാപ്പായുടെ കാലത്താകുന്നു. ആംഗ്ലേയജാതിയുടെ മാനസാന്തരത്തിന്നായി പ്രയത്നിക്കയും തദ്ദേശസാദ്ധ്യത്തിനായി വി. അഗസ്തീനോസിനെ ഇംഗ്ലണ്ടിലേക്കു അയയ്ക്കുകയും ചെയ്തതു് ഈ മഹാപുരുഷനാകുന്നു. ഇദ്ദേഹം റോമയിലെ വി. അന്ത്രയോസിന്റെ നാമത്തിലുള്ള ഒരു സന്യാസാശ്രമത്തിലെ ശ്രേഷ്ഠനായിരുന്ന അവസരത്തിൽ യൂസ്തൂസ് എന്നു പേരുള്ള ഒരു സന്യാസി മരിച്ചു. വി. ഗ്രീഗോരിയോസ് ഈ മരിച്ചയാളിനു് വേണ്ടി മുപ്പതു ദിവസം തുടൎച്ചയായി കുൎബ്ബാന ചൊല്ലി. മുപ്പതാമത്തെ ദിവസത്തെ കുൎബ്ബാനയുടെ ശേഷം യൂസ്തൂസ് തന്റെ സഹോദരനായ കൊപ്പിയോസൂസ് എന്നയാളിനു് കാണപ്പെട്ടു് താൻ ശുദ്ധീകരണസ്ഥലത്തിൽ കഠിനമായ വേദന അനുഭവിക്കയായിരുന്നുവെന്നും വി. ഗ്രീഗോരി

യോസ് തനിക്കുവേണ്ടി മുപ്പതു കുർബാന തുടർച്ചയായി ചൊല്ലിയതിൻെറ ഫലമായി ആ ഭയങ്കര കാരാഗൃഹത്തിൽ നിന്നും തനിക്കു മോചനം സിദ്ധിച്ചിരിക്കുന്നുവെന്നും അറിയിക്കുയുണ്ടായി.

ഈ സംഭവംമൂലമായും വി. ഗ്രീഗോരിയോസിനോട് സഭ മുഴുവനിലും ഉണ്ടായിരുന്ന ഭക്തിനിമിത്തവും, അദ്ദേഹം, ശുദ്ധീകരണ ആത്മാക്കളുടെ ഒരു പ്രത്യേക മദ്ധ്യസ്ഥനായി പരിഗണിക്കപ്പെട്ടിരുന്നു. ഇതിനാൽ, മരിച്ചുപോയവരുടെ ആത്മാക്കൾക്ക് ശുദ്ധീകരണസ്ഥലത്തിൽനിന്നും മോചനം ലഭിക്കുന്നതിനായി ഗ്രീഗോരിയൻ കുർബാന ചൊല്ലിക്കുന്ന ഭക്തിപൂർവ്വമായ ആചാരത്തിന്ന് യൂറോപ്പു മുഴുവനിലും പ്രചുരപ്രചാരം സിദ്ധിച്ചു. വിശ്വാസികൾ, ഈ വിശുദ്ധൻെറ ദൃഷ്ടാന്തം അനുകരിച്ചുകൊണ്ടു്, തങ്ങളുടെ ചാർച്ചക്കാരുടെയും സ്നേഹിതന്മാരുടെയും ആത്മാക്കൾക്കുവേണ്ടി ഗ്രീഗോരിയൻ കുർബാന ചൊല്ലിക്കുന്നതിൽ എല്ലായിടത്തും അത്യധികം ജാഗ്രത പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. മഹാനായ പതിന്നാലാംബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, വിശ്വാസികളുടെ ഇടയിൽ സർവ്വത്ര പ്രചരിച്ചിരുന്ന ഈ ഭക്തമുറയേപ്പററി വളരെയധികം സ്തുതിച്ച് ഒരു അവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്! "ദണ്ഡവിമോചനങ്ങളുടെ വിശുദ്ധ സംഘം" മുപ്പതു ഗ്രിഗോരിയൻ കുർബാന ഒരു പ്രത്യേക ആത്മാവിനെശുദ്ധീകരണാഗ്നിയിൽ നിന്ന് മോചിപ്പിക്കുന്നതിന്ന് പര്യാപ്തമായ മാർഗ്ഗമാണെന്നുള്ള വിശ്വാസം, ഭക്തിപൂർവ്വകവും യുക്തിയുക്തവും ആണെന്നും ഈ ഭക്ത മുറയ്ക്കു് തിരുസ്സഭയുടെ അംഗീകരണം സിദ്ധിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു.

അതിനാൽ ശുദ്ധീകരണ സ്ഥലത്തിൽ നിന്ന് മോചനം ലഭിക്കണമെന്ന് നാം ആഗ്രഹിക്കുന്ന ആത്മാക്കൾക്ക്വേണ്ടി ഗ്രിഗോരിയൻ കുർബാന ചൊല്ലിക്കുന്നതു് അത്യന്തം പ്രയോജനകരമാണെന്ന് നിസ്സംശയമായി തെളിയുന്നുണ്ടല്ലോ. ഗ്രിഗോരിയൻകുർബാന ഒരു പ്രത്യേക ആത്മാവിനെ ശുദ്ധീകരണ സ്ഥലത്തിൽ നിന്ന് മോചിക്കുന്നതിന്നുപയുക്തമായ മാർഗ്ഗമാണെന്നുള്ള വിശ്വാസത്തിന്നു തിരുസ്സഭയുടെ അംഗീകരണംസിദ്ധിച്ചിട്ടുള്ളതിനാൽ ഇതു് തെററുവരാൻ പാടില്ലാത്ത ഒരു കാര്യമാണെന്ന് നമുക്ക് ന്യായമായി അനുമാനിക്കാവുന്നതാണ്. തിരുസ്സഭയുടെ അംഗീകരണം സിദ്ധിച്ചിട്ടുള്ള ഭക്തകൃത്യങ്ങൾ അടിസ്ഥാന രഹിതങ്ങളെന്നൊ, അവയ്ക്കു, നിദാനമായിരിക്കുന്ന വിശ്വാസം അബദ്ധമാണെന്നൊ ഒരിക്കലും സങ്കല്പിക്കാൻ പാടുള്ളതല്ലോ. മേലുദ്ധരിച്ച ദണ്ഡവിമോചനങ്ങളുടെ തിരുസംഘത്തിൻെറ (The Sacred congregation of Indulgences) പ്രഖ്യാപനം ഗ്രിഗോരിയൻ കുർബാന ഉദ്ദിഷ്ടഫലപ്രാപ്തിയ്ക്കുപയുക്തമായ മാർഗ്ഗമാണെന്നുള്ള വിശ്വാസത്തെ ദൃഢീകരിക്കയാണ് ചെയ്യുന്നതു്. അതിനാൽ തങ്ങളുടെ മാതാപിതാക്കന്മാരൊ, സംബന്ധികളൊ മരിക്കുമ്പോൾ സദ്യകൾക്കും ബാഹ്യാഡംബരങ്ങൾക്കുമായി വളരെയധികം ദ്രവ്യം വ്യയം ചെയ്യുന്നവർ, ആത്മാവിന്ന് അത്യന്തം പ്രയോജനകരമായ "ഗ്രിഗോരിയൻ കുർബാനയുടെ,, കാര്യം കൂടേയും പ്രത്യേക ശ്രദ്ധാവിഷയമാക്കിത്തീർത്താൽ കൊള്ളാം.

ഫാദർ തോമ്മസ് മണ്ണഞ്ചേരി.

## കർമ്മല നാഥയുടെ കുഞ്ഞുമക്കൾക്ക്.

### നമ്മുടെ അമ്മയുടെ തിരുനാൾ

പ്രിയ കുഞ്ഞുങ്ങളേ!

ഈ മാസം 16-ാംനു- ബുധനാഴ്ച നമ്മുടെ അമ്മ കർമ്മലമാതാവിൻെറ തിരുനാളാണെന്നു ഞാൻ പറയാതെ തന്നേ നിങ്ങൾക്കറിയാമല്ലോ. ദൈവജനനിതൻെറ മക്കളായ നമ്മുടെ ആത്മരക്ഷയ്ക്കു വേണ്ടി ചെയ്യുന്ന ശ്രമങ്ങൾ വേണ്ടപോ

ലെ ഓൎത്തുനോക്കിയാൽ ആൎക്കാണു ഈ അമ്മയെ സ്നേഹിക്കാതിരിപ്പാൻ കഴിയുന്നത്. ഏതുവിധത്തിൽ തന്റെ കുഞ്ഞുമക്കളെയെല്ലാം മോക്ഷഭാഗ്യത്തിലേക്കു കൊണ്ടുപോകേണ്ടു എന്നൊരു വിചാരം മാത്രമേ ഈ അമ്മയ്ക്കുള്ളു എന്നു തോന്നിപ്പോകും. അതിനായി നവംനവങ്ങളായ ഓരോ മാൎഗ്ഗങ്ങൾ കണ്ടുപിടിച്ചു പിശാചിനെ തോല്പിക്കയും, മനുഷ്യരെ സഹായിക്കയും, സ്വൎഗ്ഗത്തെ ആനന്ദിപ്പിക്കയും ചെയ്തുകൊണ്ടു ഈ പരമരാജ്ഞി ഇതാ പരമണ്ഡലങ്ങളിൽ വാഴുന്നു.

ഇപ്രകാരം നമ്മുടെ അമ്മ നവമായി കണ്ടെത്തിയ ഒരു മാൎഗ്ഗമാണു നിങ്ങൾ ധരിച്ചിരിക്കുന്ന കൎമ്മല ഉത്തരീയം. 1251 കൎക്കടകമാസം 16-ാംനു- കൎമ്മലിത്താസഭയുടെ പൊതുശ്രേഷ്ഠനായിരുന്ന വി. ശെമോൻസ്റ്റോക്ക് എന്ന ദേഹം സഭയ്ക്കു നേരിട്ട പല ഞെരുക്കങ്ങൾ മൂലം കൎമ്മലനാഥയെ നോക്കി കണ്ണുനീരോടെ പ്രാൎത്ഥിച്ചുകൊണ്ടുനില്ക്കയിൽ ദൈവജനനി മഹത്വത്തോടുകൂടി അദ്ദേഹത്തിനു പ്രത്യക്ഷയായി. കൎമ്മല ഉത്തരീയത്തെ അദ്ദേഹത്തിനു കൊടുത്തുകൊണ്ടു പറയുന്നു: വാത്സല്യ മകനേ! നിന്റെ സഭയുടെ ഈ ഉത്തരീയത്തെ നീ സ്വീകരിക്കുക. ഇതു നിനക്കും കൎമ്മലസഭക്കാൎക്കുംവേണ്ടി ഞാൻ അപേക്ഷിച്ചു പ്രാപിച്ചിരിക്കുന്ന ദൈവവരത്തിന്റെ ഒരു പ്രത്യേക അടയാളമാകുന്നു. ഈ ഉത്തരീയത്തെ ധരിച്ചുകൊണ്ടുമരിക്കുന്നവരിലാരും നിത്യാഗ്നിയിൽ വീഴുകയില്ല. ഇതു രക്ഷയുടെ ചിഹ്നവും, ആപത്തുകളിൽ സങ്കേതവും, പ്രത്യേകസമാധാനാദരവുകളുടെ അച്ചാരവുമാകുന്നു.

വി. ശെമോൻസ്റ്റോക്കു പുണ്യവാന്റെ ശ്രമത്താൽ ഉത്തരീയ ഭക്തി അന്നുമുതൽ പ്രബലപ്പെട്ടു. അനവധി അത്ഭുതങ്ങൾ തിരുവുത്തരീയം വഴിയായി നടന്നുതുടങ്ങി. പിശാചിനു ഇതെത്ര ഭയങ്കരമാണെന്നും, പാപികളുടെ മാനസാന്തരത്തിനു ഇതെത്ര ഉപയുക്തമാണെന്നും സൎവ്വത്ര പ്രത്യക്ഷപ്പെട്ടു. അനന്തരം 50 സംവത്സരങ്ങളുടെശേഷം ദൈവജനനി വീണ്ടും 22-ാമത്തെ യോഹന്നാൻ മാൎപ്പാപ്പാക്കു പ്രത്യക്ഷയായി ഉത്തരീയസഭക്കാൎക്കു വേറൊരു അസാമാന്യവരം നല്കുന്നതിനു തിരുമനസ്സായി. പ്രസ്തുത മാൎപ്പാപ്പായുടെ തിരുവെഴുത്തിൽ അറിയിച്ചിരിക്കുന്നതുപോലെ, ഉത്തരീയ സഭയിൽ ചേൎന്നൊരാൾമരിച്ചുശുദ്ധീകരണസ്ഥലത്തിൽ പോകുന്നതായാൽ, പാടുപോലെ വേഗത്തിൽ—മിക്കവാറും മരണത്തിനു ശേഷം വരുന്ന ആദ്യശനിയാഴ്ച തന്നെ കൎമ്മലനാഥയുടെ പ്രത്യേക മാദ്ധ്യസ്ഥത്താൽ അവിടെ നിന്നു മോചിക്കപ്പെട്ടു സ്വൎഗ്ഗത്തിൽ പ്രവേശിപ്പാൻ ഇടവരുന്നതാണ്.

ഇതാ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ നോക്കുക. നമ്മുടെ പരിശുദ്ധ ജനനിക്കു നമ്മുടെ ആത്മരക്ഷയിലുള്ള ശുഷ്കാന്തി നോക്കുക. ഇതിനു തക്കവണ്ണമുള്ള കൃതജ്ഞത ഈ അമ്മയുടെ നേരെ നിങ്ങൾ കാണിക്കുന്നുണ്ടോ? തിരുവുത്തരീയത്തിന്റെ മഹത്വത്തെ വേണ്ടപോലെഗ്രഹിച്ചു അതിനെ ഭക്തിപൂൎവ്വം നിങ്ങൾധരിക്കുന്നുണ്ടോ? മാതാവു എത്രമാത്രംതാല്പൎയ്യപ്പെട്ടാലുംനമ്മുടെസഹകരണംകൂടാതെ നാം രക്ഷ പ്രാപിക്കുന്നതല്ലെന്നു നല്ലപോലെ ഓൎക്കണം. ഉത്തരീയം നിത്യരക്ഷയ്ക്കു ഉറപ്പുള്ള ഒരച്ചാരമാണെന്നുള്ളതു നേരുതന്നേ; എന്നാൽ അതിനെ മുറപ്രകാരം ഭക്തിപൂൎവ്വം ധരിക്കുന്നവൎക്കേ ആ വരങ്ങൾ ലഭിക്കയുള്ളു എന്നു മറന്നു പോകരുത്. ആകയാൽ ആദ്യം തന്നെ അധികാരമുള്ള പട്ടക്കാരൻ വഴിയ്ക്കു യഥാൎത്ഥമായ ഉത്തരീയം ധരിക്കണം. ഭക്തിപൂൎവ്വം അതിനെ സദാധരിച്ചുകൊണ്ടു നടക്കുന്നതിനുത്സാഹിക്കണം. ഇതു കൂടാതെ അന്തസ്സിനടുത്ത കന്യാവ്രതം കാക്കുന്നതിനു എപ്പോഴും ശ്രമിക്കേണ്ടതാകുന്നു. തിരുസഭയുടെ ഉപവാസങ്ങളും ബുധൻ ശനി മാംസവൎജ്ജനവും അനുഷ്ഠിക്കയോ, അതിനു പകരം കുമ്പസാരക്കാരൻ നിശ്ചയിച്ചു തരുന്ന വല്ല ഭക്തകൃത്യവും നിറവേറ്റുകയോ ചെയ്യുന്നതിനും ഉത്തരീയ സഭക്കാർ ഉത്സാഹിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം കൎമ്മലനാഥയുടെ സാക്ഷാലുള്ള കുഞ്ഞുമക്കളായി ജീവിക്കുന്നതിനു വേണ്ട മനോഗുണങ്ങൾ ഈ തിരുനാളവസരത്തിൽ ഹൃദയപൂൎവ്വം അപേക്ഷിക്കണം. എനിക്കു വേ

ണ്ടിയും പ്രാർത്ഥിക്കുന്നതിനു മറന്നുപോക രുതു്. തിരുനാൾ എല്ലാവർക്കും മംഗള മായി ഭവിക്കട്ടെ!

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# തിരുഹൃദയഭക്തന്മാർ ൧൯൨൮ കർക്കടകമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## ജ്ഞാനധ്യാനങ്ങൾ.

"ഹൃദയം കൊണ്ടു വിചാരിക്കുന്നവൻ ഇല്ലാത്തതിനാൽ ഭൂമി ശൂന്യമായിപ്പോയി." (ഏറമ്യാ XII. 11) എന്നാണു ഏറമ്യാനിവ്യാ വിലപിക്കുന്നതു്. വാസ്തവത്തിൽ മനുഷ്യൻ അവൻെറ ഹൃദയത്തിലേക്കു പ്രവേശിച്ചു സ്വന്ത സ്ഥിതിഗതികളെപ്പററി ഗാഢമായി പര്യാലോചിക്കുന്നപക്ഷം ഭൂമുഖത്തിൻെറ നിലയ്ക്കു എത്രയോ അന്തരം നേരിട്ടേനെ. 'സ്രഷ്ടാവായ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു ജീവിച്ചശേഷം' നിത്യഭാഗ്യം പ്രാപിക്കുന്നതിനായി മാത്രമാണു് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും, ഘനമായ ഏകപാപത്തോടുകൂടി മരിക്കുന്നവൻ ഒരിക്കലും അവസാനിക്കാത്ത നിർഭാഗ്യ ശിക്ഷയ്ക്കു വിധിക്കപ്പെടുമെന്നും, ആ മരണമോ ഏതുനേരത്തെന്നറിയാതെ കള്ളനെപ്പോലെ വന്നെത്തുന്നതാണെന്നും മററുമുള്ള നിത്യസത്യങ്ങളെ അവധാനപൂർവ്വം ആലോചിക്കുന്ന ഏതൊരു മനുഷ്യനാണു തൻെറ ജീവിത നവീകരണത്തിന്നായി സർവ്വാത്മനാ പരിശ്രമിക്കാതിരിക്കുക. ഇപ്രകാരമുള്ളഗാഢമായ വിചിന്തനംതന്നേയാണു് ജ്ഞാനധ്യാനങ്ങൾ,

ലൌകിക ചിന്തകളിൽ മുഴുകിയിരിക്കുന്ന ഒരാത്മാവിൽ ഈദൃശ ചിന്തകൾക്കു പ്രവേശം കിട്ടുന്നതു അസാദ്ധ്യമാണു്. അതുകൊണ്ടത്രേ നമ്മുടെ പ്രിയപ്പെട്ടമാതാവായ കത്തോലിക്കാസഭ തൻെറ മക്കൾ ചില അവസരങ്ങളിൽ ലൌകിക കാര്യാദികളിൽനിന്നെല്ലാമൊഴിഞ്ഞു് ആദ്ധ്യാത്മിക ധ്യാനത്തിനായി വിനിയോഗിക്കണമെന്നു ഉപദേശിക്കുന്നതു്. പ്രസ്തുത അവസരങ്ങളെ ശരിയായി ഉപയോഗിക്കുന്നവർ ജ്ഞാനധ്യാനങ്ങളുടെ പരമാനന്ദത്തെ അനുഭവിക്കുന്നു. 'കർത്താവു എത്ര നല്ലവനാകുന്നു.' എന്നു അവർ അനുഭവിച്ചറിയുന്നു. പ്രാപഞ്ചികഭാഗ്യങ്ങളുടെ അസ്ഥിരതയേയും നിത്യഭാഗ്യത്തിനുവേണ്ടി ഏതൊരു ബുദ്ധിമുട്ടുകളേയും സഹിക്കുന്നതിലുള്ള യുക്തിയുക്തതയേയും അവർ മനസ്സിലാക്കുന്നു. തന്മൂലം പാപികൾ പാപവഴിയേവിട്ടു ദൈവത്തിൻ പക്കലേക്കു അടുക്കുന്നതിനും, നീതിമാന്മാർ പൂർവ്വാധികം പുണ്യപൂർണ്ണത പ്രാപിക്കുന്നതിനും ജ്ഞാനധ്യാനങ്ങൾ അത്ഭുതഫലസിദ്ധിയുള്ള ഒരു മാർഗ്ഗമായിട്ടാണു തീർന്നിരിക്കുന്നതു.

പൂർവ്വകാലംമുതൽ ഇപ്രകാരമുള്ള ധ്യാനാഭ്യാസങ്ങൾ സഭയിൽ നടപ്പുണ്ടായിരുന്നു. എന്നാൽ പതിനാറാം നൂററാണ്ടിൽ ഈശോസഭയുടെ സ്ഥാപകനായ വി. ഇഗ്നാസ്യോസ് ലൊയോളാ എന്ന ദേഹത്തിനു പരിശുദ്ധ ദൈവജനനിതന്നേ പറഞ്ഞുകൊടുത്തു എഴുതിച്ചെന്നു പറയപ്പെടുന്നതായ ആ ജ്ഞാനധ്യാനമുറകളാണു ഇപ്പോൾ പ്രായേണ എല്ലായിടത്തും നടപ്പിലിരിക്കുന്നതു. യഥായോഗ്യം പ്രസ്തുത ധ്യാനഗുരുവിൻെറ ഉപദേശാനുസരണം ജ്ഞാനാഭ്യാസങ്ങൾ കഴിച്ചിട്ടു ഫലം സിദ്ധിക്കാത്ത ആത്മാക്കൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. എത്ര പാപികളേയാണു ആ സ്വർഗ്ഗീയശാസ്ത്രം പുണ്യവാന്മാരാക്കിയിട്ടുള്ളതെന്നു കണക്കില്ലെന്നു പറയാം. ജ്ഞാനധ്യാനങ്ങളുടെ ആ ചെറുപുസ്തകത്തിൽ എത്ര അക്ഷരങ്ങളുണ്ടോ അതിലധികംമാനസാന്തരം പ്രസ്തുത പുസ്തകംകൊണ്ടുണ്ടായിട്ടുണ്ടെന്നാണു പ്രസിദ്ധധ്യാനശാസ്ത്രജ്ഞനായ റൂത്താൻ എന്ന ദേഹം പറയുന്നതു. ഇപ്രകാരം ഫലപ്രദമായ ഈ ആദ്ധ്യാത്മികാഭ്യാസം തക്ക പ്രയോജനത്തോടുകൂടെഎല്ലാ സ്ഥലങ്ങളിലും ഇടയ്ക്കിടെ നടന്നുവരുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിക്കണം.

ചിങ്ങം.

"ആഫ്റിക്കായിലെ വേദപ്രചാരം"

# വൎത്തമാനസംഗ്രഹം.

## കേരളം

തിരുവിതാംകൂർ നിയമനിൎമ്മാണസഭയുടെ ഇത്തവണത്തെ യോഗം ജൂൺ 4-ാംനു ബുധനാഴ്ചമുതൽ 12-ാംനു വ്യാഴാഴ്ചവരെ നടന്നിരിക്കുന്നു. നായർബില്ലിന്റെ വായന തീരുന്നതിനുതന്നെ നേരംപോരാതെ വന്നതിനാൽ അനുദ്യോഗസ്ഥമെമ്പറന്മാർ തയ്യാറാക്കിക്കൊണ്ടുചെന്നിരുന്ന ഗൌരവാവഹങ്ങളായ പല പ്രമേയങ്ങളും ആലോചനയ്ക്കെടുക്കാൻ ഇടയുണ്ടായില്ല.

തൃശ്ശൂർ പള്ളിക്കേസു രാജിയാക്കിത്തീൎക്കുന്നതിനു പൊളിററിക്കൽ ഏജൻറു മുതലായി പലരും ശ്രമിക്കുന്നതായി കേട്ടെങ്കിലും യാതൊരു തീരുമാനവും ഇതേവരെയുണ്ടായിട്ടില്ലെന്നറിയുന്നു.

ദിവാൻ മിസ്റ്റർ രാഘവയ്യായുടെ ഉദ്യോഗ കാലാവധി അവസാനിച്ചിരിക്കയാൽ അദ്ദേഹം ബ്രിട്ടീഷിലേക്കുതന്നെ മടങ്ങിപ്പോയേക്കുമെന്നു കേൾക്കുന്നു.

കൊച്ചിയിലെ നിയമസഭയുടെ എല്ലാ നിയോജകമണ്ഡലങ്ങളിലും ക്രിസ്ത്യാനികൾ സ്ഥാനാൎത്ഥികളായി നിൽക്കുന്നതിനു തീർച്ചപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നു.

വൈക്കത്തെ സത്യാഗ്രഹത്തിനു ധൎമ്മഭക്ഷണശാല നടത്തുന്നതിനായി പഞ്ചാബിൽനിന്നു വന്നിരുന്ന അക്കാലികൾ മഹാത്മാഗാന്ധി മുതലായവരുടെ നിർദ്ദേശപ്രകാരം മടങ്ങിപ്പോയിരിക്കുന്നു. മഴയും വെള്ളപ്പൊക്കവും പോലീസുകാരുടെ ഉപദ്രവവും വകവയ്ക്കാതെ സത്യാഗ്രഹികൾ ഇപ്പോഴും ജോലി തുടൎന്നുകൊണ്ടിരിക്കുന്നു.

നി. വ. ദിവ്യശ്രീ കുര്യാളശ്ശേരി മാർത്തോമ്മാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു താൻ ഗുരുപ്പട്ടമേററ ദിവസമായ പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾദിനം ഇക്കൊല്ലം ചെത്തിപ്പുഴ ആശ്രമകപ്പേളയിൽവച്ചു 27 ശെമ്മാശന്മാൎക്കു പട്ടംകൊടുത്തിരിക്കുന്നു. ഒന്നാംപട്ടംമുതൽ കുൎബാനപ്പട്ടംവരെ എല്ലാ പട്ടങ്ങളും കൊടുക്കയുണ്ടായി. കുൎബാനപ്പട്ടമേററവരായ ക. നി. മൂ. സ. ബ. അർസെസിയൂസ് (പാറയ്ക്കൽ, കാഞ്ഞൂർ) താർസീസ് (കിഴക്കേക്കര, പാലാ) ലാസർ (ചിരിയൻകണ്ടത്തു് പാവർട്ടി) പീയൂസ് (കളത്തിൽ, കൈനകരി) എന്ന നാലു നവവൈദികൎക്കും 'കുസുമം' മംഗളം ആശംസിച്ചുകൊള്ളുന്നു.

## ഇൻഡ്യാ.

ചക്രവൎത്തി തിരുമനസ്സിലെ ജന്മനക്ഷത്ര ബഹുമതികളുടെ കൂട്ടത്തിൽ നാഗപ്പൂർ മെത്രാനവർകൾക്കു ഒന്നാംതരത്തിൽപെട്ട ഒരു 'കെയിസറിഹിൻഡ്' മെഡലും, കൊളമ്പിലെ ചീഫ് ജസ്റ്റീസായിരുന്നിട്ടുള്ള ഒരുത്തമകത്തോലിക്കനായ സമ്പായോ അവർകൾക്കു 'നൈററു' സ്ഥാനവും ലഭിച്ചിരിക്കുന്നു

ജനറൽ ഒഡയർ സർ ശങ്കരൻനായരുടെ മേൽകൊടുത്തിരുന്ന മാനനഷ്ടക്കേസിൽ നായരവർകൾ 500 പവൻ നഷ്ടവും കോടതിച്ചെലവും കെട്ടിക്കൊടുക്കുന്നതിനു വിധിയുണ്ടായിരിക്കുന്നു. സർ ശങ്കൻനായൎക്കു ആകെ ഇരുപതിനായിരം പവൻ ചെലവുവരുമെന്നു കാണുന്നു.

ഹിമാലയപൎവ്വതത്തിന്റെ ഏററവും ഉയൎന്ന കൊടുമുടിയായ എവറസ്റ്റിന്റെ മുകളിൽ കയറുന്നതിനു ശ്രമിച്ചുവരുന്ന കൎണ്ണൽ നോൎട്ടനും കൂട്ടരും മഞ്ഞും തണുപ്പും അധികമാകയാൽ ഇത്തവണയും പിന്തിരിഞ്ഞു പോന്നിരിക്കുന്നു നാലഞ്ചുപേർ മഞ്ഞിനടിയിൽപെട്ടു മരിച്ചുപോയതായും കേൾക്കുന്നുണ്ടു്.

## ഇററലി.

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ചീനത്തേക്കു ഇദംപ്രഥമമായി നാട്ടുകാരായ രണ്ടു പ്രീഫക്ട് അപ്പസ്തോലിക്കാമാരേ നിയമിച്ചിരിക്കുന്നു.

വൈദികർ സൈന്യസേവനം ചെയ്യേണ്ടതില്ലെന്നു പ്രധാനമന്ത്രി മുസ്സോലീനി വിജ്ഞാപനം ചെയ്തിരിക്കുന്നു.

എറണാകുളം അതിരൂപതയിൽ നിന്നു പ്രോപ്പഗാന്താ സെമിനാരിയിൽ പഠിച്ചിരുന്ന കടവിൽ ബ. മത്തായി ശെമ്മാശനവർകൾ കഴിഞ്ഞ ദുഃഖശനിയാഴ്ച കുൎബാനപ്പട്ടമേല്ക്കയും, ഉയിൎപ്പു ഞായറാഴ്ച നവപൂജ അൎപ്പിക്കയും ചെയ്തിരിക്കുന്നു ഇദ്ദേഹം ഇൻഡ്യയിലേക്കു മടങ്ങുന്നതിനു മുമ്പു യൂറോപ്പിലെ പല രാജ്യങ്ങളും സന്ദൎശിക്കാനിടയുണ്ടെന്നറിയുന്നു.

പ്രാൻസിസ്കോസ് അസ്സീസി പുണ്യവാന്റെ സഭകളിൽ ഒന്നായ കപ്പൂച്ചിൻ സഭയിൽ ൯൨൦ ആശ്രമങ്ങളിലായി പതിനായിരത്തി അറുപതു സന്യാസികളുണ്ടെന്നറിയുന്നു.

വി. ത്രേസ്യാപുണ്യവതിയുടെ ചരിത്രം

'ശ്രീമാൻ എ. ഡി. ഐസക്ക്, പെററി സെമ്മിനാരി എർണാകുളം' അവർകളുടെ വക ത്രേസ്യാപ്പുണ്യവതിയുടെ ചരിത്രത്തിന്നു 1 അണ വിലയാണെന്നു മുന്നൊരു ലക്കം കുസുമത്തിൽ പ്രസ്താവിച്ചിരുന്നതു പിശകാണ്. പ്രസ്തുത പുസ്തകത്തിനു വില 2 അണയാകുന്നു.

---

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന്നു ഒരു രൂപാ മുൻപേർ അടച്ചിരിക്കണം.

എൻെറ കുടുംബത്തിലുണ്ടായിരുന്ന സമാധാനക്കേടു തിരുഹൃദയത്തോടുള്ള അപേക്ഷമൂലം മാറിയതിന്നു നേർച്ചപ്രകാരം കുസുമദ്വാരാ ഉപകാരസ്മരണ ചെയ്യുന്നു.

സി. ആർ എൻ. കുമ്പളഞ്ഞി.

മാതാവിൻെറയും യൌസേപ്പു പിതാവിൻെറയും മാദ്ധ്യസ്ഥത്താൽ എൻെറ ഭാര്യയുടെ പ്രസവം അപകടാക്രൂടാതെ കഴിഞ്ഞതിന്നു ഉപകാരസ്മരണ. ജെ. എം. വടകര.

എൻെറ ജോലിയിൽ സ്ഥിരപ്പെടുത്തികിട്ടിയതിന്നു വി. അന്തോനീസിന്നു ഉപകാരസ്മരണ.

കെ കൃഷ്ണൻ നായർ, കുന്നംകുളം.

മാർ യൌസേപ്പു പിതാവിൻെറ മദ്ധ്യസ്ഥത മുഖേന ലഭിച്ച ഒരു വലിയ ദൈവാനുഗ്രഹത്തിന്നു കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. എ കെ. ജെ. വായിപ്പൂർ

ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ പരീക്ഷയിൽ പ്രശസ്തമായ വിജയം സിദ്ധിച്ചതിന്നു കുസുമം വഴി ഉപകാരസ്മരണ ചെയ്യുന്നു.

ബി. ജി വി കോട്ടയം.

മാന്നാനത്തു നടത്തപ്പെട്ട ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ നവനാൾ പീഠത്തിലേക്കു അയച്ച അപേക്ഷ മൂലം പരീക്ഷയിൽ അവിചാരിതമായി ജയം കിട്ടിയിരിക്കുന്നു.

കെ സി. എം. ചങ്ങനാശേരി,

ക്ലാസിൽ മണ്ടനും മടിയനുമായ ഞാൻ കൊച്ചുത്രേസ്യായുടേയും മാർ അന്തോനീസിൻെറയും, കുപ്പർത്തീനിൻെറയും വിശേഷ സഹായത്താൽ വിജയിയായിരിക്കുന്നു.

സി. എസ്. എസ്. കോട്ടയം.

അസഹനീയമായ പല്ലുവേദന നിമിത്തം പരമസങ്കടം അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ കർമ്മെലനായികയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കയാൽ എൻെറയും എൻെറ സഹോദരിയുടെയും വേദന നീങ്ങിയതിന്നു ഉപകാരസ്മരണ. ടി. എം. മാൻകുളംതോട്ടം.

പരീക്ഷയിൽ തോററതായി പ്രസിദ്ധം ചെയ്തശേഷം മാതാവിൻെറയും വിശുദ്ധ അന്തോനീസിൻെറയും പ്രത്യേക സഹായത്താൽ ക്ലാസുകയററം കിട്ടിയിരിക്കുന്നു.

എം. പി. എ ഇരിങ്ങാലക്കുട.

മുണ്ടാങ്കൽ മാർ അന്തോനീസിൻെറ കപ്പേളയിലും, മാന്നാനത്തു ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ നവദിനപീഠത്തിലും ചെയ്ത പ്രാർത്ഥനയുടെ ഫലമായി പരീക്ഷയിൽ വിജയംലഭിച്ചിരിക്കുന്നു. കെ. ടി കെ. മുണ്ടാങ്കൽ.

മാർ യൌസേപ്പു പിതാവിൻെറ പ്രത്യേക മദ്ധ്യസ്ഥതയാൽ ഇക്കൊല്ലം പരീക്ഷയിൽ വിജയിയായതിന്നു കുസുമം വഴി ഉപകാരസ്മരണ ചെയ്യുന്നു. കെ വി. ജെ. ചേർത്തല.

---

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചതായി അറിയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

എടത്വാപള്ളി ഇടവക കോലത്തു വർഗ്ഗീസ് തോമ്മസ് അവർകളുടെ ഭാര്യ ശ്രീമതി മറിയക്കുട്ടി മേ. ൮-ാം- ൨൪ വയസ്സ്.

തുരുത്തി ഇടവക നേഴ്‌സുമ്പറമ്പിൽ ക. നി. മൂ സ. ബ. യോഹന്നാനച്ചൻ അവർകളുടെയും കാവാലംപള്ളി വികാരി ബ. തോമ്മാച്ചൻ അവർകളുടെയും മാതാവു ശ്രീമതി അന്നമ്മ മേ ൩൧-ാം- ശനിയാഴ്ച ൮൩ വയസ്സ്.

കുമ്പളം ഇടവക വലിയതെക്കേതിൽ ജോസഫ് കുട്ടി ഇടവം ൨-ാം- ൧൩ വയസ്സ്.

പൈകപ്പള്ളി വികാരി പുത്തൻപുരയ്ക്കൽ ബ. മത്തായി അച്ചൻ അവർകളുടെ മാതാവു പാംപ്ലാനിയിൽ ശ്രീമതി ഏലിയാമ്മ ജൂൺ ൩-ാം- ൬൪ വയസ്സ്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൭ ൦. ൧൦൮൩ എപ്പകത്തി ൨൭.

## ൧൯൦൮ ജൂലായി — ൧൦൮൩ മിഥുനം — കക്കടകം.

| | | | | | |
|---|---|---|---|---|---|
| 1 | 18 | ചൊ | യോഹന്നാൻ മാം. എട്ടാ. ന. ആ. കു. പെ. | | വെ. |
| 2 ◑ | 19 | ബു | ക. മാ. ഏലീശ്വാ. സന്ദശ്. ന. ആ കു. പെ. | | വെ. |
| 3 | 20 | വ്യാ | ✠ ന. പിതാവു മാത്തോമ്മാ. ന. കു. പെ. | | ച്യ. |
| | | | ന. പി. മാർ തോമ്മശ്ലീ. ദുക്റാന. പാലാ. ചെമ്പിൽ, മൈലക്കൊമ്പു, കോക്കമംഗലം, കൊഴുവനാൽ. | | |
| | | | ചങ്ങനാശേരി രൂപതയുടെ മെ. നാമകാരണൻ. | | |
| 4 | 21 | വെ | ന. പിതാ. തോമാ. ന. കു. പെ. | | ച്യ. |
| 5 | 22 | ശ | ന. പിതാ. തോമാ. ന. കു. പെ. | | ച്യ. |
| 6 | 23 | ഞാ | ✠ പന്ത. ൫-ാം ഞാ. ന. കു. ആ. | ·൨൦·൭·൨ | ച്യ. |
| 7 | 24 | തി | ന. പിതാ. തോമാ. ന. കു. പെ. | | ച്യ. |
| 8 | 25 | ചൊ | ന. പിതാ. തോമാ. ന. കു. പെ. | | ച്യ. |
| 9 | 26 | ബു | † മെ. മ. ന. പിതാ. മാർ അപ്രേം. ന. കു. പെ. | | വെ. |
| 10 | 27 | വ്യാ | ന. പിതാ. തോ. എട്ടാ. ന. കു. പെ. | | ച്യ. |
| 11 | 28 | വെ | പാ. വേദ. പീയോസ് ന. ആ. കു. പെ. | | ച്യ. |
| 12 | 29 | ശ | വേദ. നാബോറും കൂട്ട. ന. ആ. കു. പെ. | | ച്യ. |
| 13 | 30 | ഞാ | ✠ പന്ത. ൬-ാം ഞാ. ന. കു. ആ. | ·൧൨·൦·൮ | പ. |
| 14 | 31 | തി | അ. മെ. ബൊനവെന്തുര ന. ആ. കു. പെ. | | വെ. |
| 15 | 32 | ചൊ | † അ. മെ. മാർ യാക്കോബ് ന. ആ. കു. പെ. | | വെ. |
| | | | ഇന്നുച്ച മുതൽ നാളെ പാതിരാവരെ കർമ്മലീത്താ സഭാദേവാലയങ്ങൾ സന്ദർശിച്ചു മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായി അപേക്ഷിക്കുന്ന വിശ്വാസികൾക്ക് ഓരോ തവണയും പൂർണ്ണദണ്ഡവിമോചനം അഥവാ "തോസ്യസ് കോസ്യസ്". | | |
| 16 | 1 | ബു | † കർമ്മലമാതാവ് ന. ആ. കു. പെ. | | വെ. |
| | | | കർമ്മലമാതാവിന്റെ തിരുനാൾ. ആലപ്പുഴ, വാഴക്കുളം കൊരവന്ത. | | |
| 17 ◐ | 2 | വ്യാ | മെ. അല്ലേശു് ന. ആ. കു. പെ. | | വെ. |
| 18 | 3 | വെ | വേദ. സുബ്രോ. കൂട്ട. ന. ആ. കു. പെ. | | ച്യ. |
| 19 | 4 | ശ | † മെ. വിനസന്തിയോസ്. ന. ആ കു. പെ. | | വെ. |
| 20 | 5 | ഞാ | ✠ പന്ത ൭-ാം ഞാ. ന. കു. ആ. | ·൧൨·൧·൨ | ച്യ. |
| | | | ☞ അടുത്ത വ്യാഴം മാംസവർജ്ജനം. | | |
| 21 | 6 | തി | ക. പ്രക്സേദു് ന. ആ. കു. പെ. | | വെ. |
| 22 | 7 | ചൊ | ശു. മറിയം മഗ്ദലയിത്താ ന ആ. കു. പെ. | | വെ. |
| 23 | 8 | ബു | അ. വേദ. അപ്പോലിനാ ന. ആ. കു. പെ. | | ച്യ. |
| 24 | 9 | വ്യാ | ശ്ലീ. യാക്കോബ് തലെ. ന. ആ. കു. തലെ. (ഇ. വി.) | | റോ. |
| 25 | 10 | വെ | (✠) ശ്ലീ. യാക്കോബ് ന. കു. പെ. | | വെ. |
| 26 | 11 | ശ | ശു. ഹന്നാ അമ്മ. ന. ആ. കു. പെ. | | വെ. |
| 27 | 12 | ഞാ | ✠ പന്ത. ൮-ാം ഞാ. ന കു. ആ. | ൨൮·൨൮·൧·൮ | പ. |
| 28 | 13 | തി | വേദ നസ്സരി കൂട്ട. ന. ആ. കു. പെ. | | ച്യ. |
| 29 | 14 | ചൊ | ക. മത്താ. ന. ആ കു. പെ. | | വെ. |
| 30 | 15 | ബു | വേദ. അബ്ദോൻകൂട്ട. ന. ആ. കു. പെ. | | ച്യ. |
| 31 | 16 | വ്യാ | † മെ. ഇഗ്നാസിയോസ് ന. ആ. കു. പെ. | | വെ. |

# BEST WRIST WATCH.



This is a very new style Watch. Its design and finish will satisfy the most critical test. Case gold gilt. Appearance is equal to solid gold. Glass crystaline figures Roman or Arabic. Swiss mechanism, perfect timekeeper, Guaranteed for 3 Years.

| | | | | |
|---|---|---|---|---|
| Price | Rs. | 7 | 0 | 0 |
| Pure Silver | | 8 | 4 | 0 |
| Nickel do | | 6 | 0 | 0 |

# GERMAN ALARM TIMEPIECE.



Offered at Greatly, reduced Price.

A cheap and very useful Alaram Timepiece. Mechanism 4 inches dial in nickel case. 30 hours key-less. It will go in any position This timepiece can be esaily taken in travelling cases. It is very useful for students and every one who has got to do anything in time It is equally useful for night duty man Whenever it is desired, that the alaram should ring the little hand on the dial should be set from the back of the alaram At the time punctually, at that very moment the alaram will ring Guaranteed for 3 years

Price Rs. 5/ only.

# LILLY OF THE VALLEY.

## THE SCENT OF FRANCE



There is a mystic southern charm about "Lilly of of the Valley" that delights the senses. It is like a dream of a lower garden, and has been happily described as "an Inspiration in Perfume" wonderfully lasting and delightfully refreshing Prepared in every form necessary for the perfectly harmonious toilet

| | |
|---|---|
| 1 oz Bottle 2-8. | 1/2 oz 8. |
| 1 Dram Bottle | As 12. |

Sample Bottle Dozen Re. 1-4.

V. S Watch Co

P. B. No. 105.

Madras.

# പി. പാപ്പിക്കമ്പിനി, മാന്നാനം.

## റബ്ബർ സാമാനങ്ങൾ

| ചൈനാപ്പട്ടു നീളം വളയം | | | Rs | as. | p. |
|---|---|---|---|---|---|
| ൧-ാം ചരട്ടു ൨ മീനീളം വളയം ൧-ക്ക | | | 1 | 2 | 0 |
| ൨-ാം „ പിരിച്ചതു | ൨ | „ | 0 | 12 | 0 |
| ൩-ാം „ | ൨ | „ | 0 | 9 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 6 |
| ൧-ാം കമ്പി | ൧ | „ | 0 | 2 | 0 |
| ൨-ാം „ | ൧ | „ | 0 | 3 | 0 |
| ൩-ാം „ | ൧ | „ | 0 | 4 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 6 |
| [illegible] വളയം | ൧ | „ | 0 | 10 | 0 |
| [illegible] | ൧ | „ | 0 | 6 | 0 |
| [illegible] | ൧ | „ | 0 | 4 | 6 |
| ടി. [illegible] തരം | ൧ | „ | 0 | 2 | [illegible] |
| [illegible] (Bridge) | ൧ | „ | 0 | 2 | 6 |
| ആണി. (Screw) | ൧ | „ | 0 | 2 | 6 |
| പരന്തുവാൽ. ൧-ാംതരം | ൧ | „ | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. 2. (മുട്ടഭാഷ) ഡസൻ 1ക്ക | | | 0 | 1 | 9 |
| നമ്പ്ര 1 സെൻറു ജോസഫ് | „ | „ | 0 | 2 | 3 |
| 1251 ഇത്താല്യൻ കാശു. | „ | „ | 0 | 5 | 0 |
| 100 വി. തോമ്മാശ്ലീഹാ. (വട്ടം) | | „ | 0 | 10 | 0 |
| 101 ടി. പിച്ചള | „ | „ | 0 | 7 | 0 |
| 50 വി. കുർബാന. | „ | „ | 0 | 14 | 0 |
| 53 തിരുഹൃദയം | „ | „ | 0 | 14 | 0 |
| 56 ടി. | „ | „ | 1 | 1 | 0 |
| 131 തിരുഹൃദയം. | „ | „ | 1 | 1 | 0 |
| 6434 „ | „ | „ | 1 | 0 | 0 |

## അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ ൧ക്ക | „ | 0 | 5 | 0 |
| 324 കക്കടവൃത്തം. | „ | 0 | 5 | 0 |
| 231 നീണ്ടഭാഷ. | „ | 0 | 7 | 0 |
| 337 വൃത്തം. | „ | 0 | 7 | 0 |
| 338 വൃത്തം. | „ | 0 | 10 | 0 |
| 7030 ചതിര എരട്ടത്തട്ടു ചെറുത് | „ | 0 | 10 | 0 |
| 325 കക്കടവൃത്തം. | „ | 0 | 10 | 0 |
| 342 കരിന്തുഭാഷ. | „ | 0 | 10 | 0 |
| 7023 ചതിര ഒററത്തട്ടു. | „ | 0 | 12 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുത് | „ | 0 | 13 | 6 |
| 399 നക്ഷത്രഭാഷ. | „ | 1 | 1 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | „ | 1 | 1 | 0 |

| | | | |
|---|---|---|---|
| പളുങ്കു കാശു ൧-ാംതരം ഡസൻ ൧ | 3 | 12 | 0 |
| ടി. ൨-ാംതരം „ ൧ക്ക | 3 | 0 | 0 |
| ടി. ൩-ാംതരം „ ൧ക്ക | 2 | 4 | 0 |

## പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടുചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസുന്ദരിയാർ അമ്മാന | 0 | 8 | 0 |
| 6 ചോദ്യോദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ശുദ്ധികരവണക്കം | 0 | 13 | 6 |
| 12 ദേവാലയഗീതം (സുറിയാനി) | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പാദ്യുഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദയ വണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 6 |
| 19 ദേവമാതാ. വണക്കം. | 0 | 13 | 0 |
| 20 മാർ യൌ. വണക്കം | 0 | 13 | 6 |
| 21 ടി. കുട്ടിക്കത്തിരുത് | 1 | 6 | 0 |
| 22 ദേവമാ. അത്ഭുതചരിത്രം 1ക്ക | 0 | 12 | 0 |

## പടങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 8×10 | വലിപ്പം | „ | 1 | 12 | 0 |
| 13×17 | ടി. | „ | 5 | 4 | 0 |
| 16×30 | ടി. | „ | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | | „ | 0 | 5 | 0 |
| ടി. | 100-ക്ക | | 2 | 4 | 0 |
| 240 പടമുള്ള പാളിപ്പടം പാളി ൧ക്ക | | | 2 | 0 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയപടങ്ങളും അത്ഭുതപ്രവർത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു, 17x13-ൽ സെൻറു സബാസ്ത്യാൻ സെൻറ് ജോർജ്, മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore